
# ഇസ്‌ലാമിക് ക്വിസ്



ഡോ. മുബാറക്ക മുഹമ്മദ്

BASHEER. Manjeshwar

# ഇസ്‌ലാമിക് ക്വിസ്

ഡോ. മുബാറക്ക മുഹമ്മദ്

ലജ്നത്ത് ഇമായില്ലാഹ് പഴയങ്ങാടി, കണ്ണൂർ

**Islamic Quiz**
(Malayalam)

Author :
Dr. Mubarakka Muhammed

Cover :
Sreekumar Pattanur

Typeset by:
Samayam Publication

Printed at:
BRB Offset, Thavakkara, Kannur- 17

Published by :
Lajna Imaillah Payangadi, Kannur

Distributors:
Islam International Publications, Kerala

Copies: 1500

I[st] Edition : February 2007

Price: 30/-

## ഡോ. മുബാറക്ക മുഹമ്മദ്

1940 മെയ് 22 ന് അബ്ദുർറഹീം മലബാരിയുടെയും ഖദീജയുടെയും മകളായി പഴയങ്ങാടിയിൽ ജനിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും 1962 ൽ എം. ബി.ബി.എസ് പാസ്സായി. തുടർന്ന് പഴയങ്ങാടിയിൽ 'ഖദീജ നഴ്സിംഗ് ഹോം' ആരംഭിച്ചു. ആതുരശുശ്രൂഷാ രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഭർത്താവ്: പ്രൊഫ.എം. മുഹമ്മദ്

(മുൻ ഇംഗ്ലീഷ് വകുപ്പ് മേധാവി, ശ്രീനാരായണ കോളേജ്, കണ്ണൂർ)

മക്കൾ : മൻസൂറ, മുനവ്വറ

വിലാസം : 'ആശിയാന'
പഴയങ്ങാടി ആർ.എസ്.
കണ്ണൂർ- 670 358

# ആമുഖം

ദീനിയായ അറിവ് പകരുന്നതിന് ഒരു ഇസ്ലാമിക ക്വിസ് പുസ്തകം തയ്യാറാക്കണമെന്നത് എന്റെ ഏറെക്കാലത്തെ ഒരു മോഹമാണ്. അത് സാക്ഷാൽക്കരിക്കാൻ സന്ദർഭമൊരുക്കിയ സർവ്വശക്തനായ അല്ലാഹുവിനെ ആദ്യമായി സ്തുതിക്കട്ടെ.

കേരള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ മറ്റ് പോഷക സംഘടനകളെ അപേക്ഷിച്ച് ലജ്നാ-നാസിറാത്ത് മെമ്പർമാർ ദീനി വിജ്ഞാനസമ്പാദനത്തിൽ കാണിക്കുന്ന താല്പര്യം അഭിനന്ദനാർഹമാണ്. അവർ ദീനിപരീക്ഷകളിലും ക്വിസ് മത്സരങ്ങളിലും അത്യുത്സാഹത്തോടെ പങ്കെടുക്കുന്നത് കാണുമ്പോൾ അഭിമാനവും അതോടൊപ്പം ആദരവും തോന്നുന്നു. അവരുടെ വിജ്ഞാന സമ്പാദനശ്രമത്തിന് സഹായകരമായ തരത്തിൽ ഇസ്‌ലാമികപാഠങ്ങളുടേയും മതസ്രോതസ്സുകളുടേയും മഹാസാഗരത്തിൽനിന്ന് ഒരു കൈക്കുമ്പിൾ ശേഖരം വിനീതമായ ഒരു എളിയ ഉപഹാരമെന്ന നിലയിൽ ഞാൻ സമർപ്പിക്കുകയാണ്. പഴയങ്ങാടി ലജ്നാ ഇമായില്ലായുടെ ഖിലാഫത്ത് ജൂബിലി ആഘോഷത്തിന്റെ ഭാഗമായിട്ടാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

ഈ പുസ്തകത്തിന് ശ്രദ്ധേയമായൊരു അവതാരിക എഴുതിത്തരികയും എനിക്ക് ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നൽകുകയും ചെയ്ത മൗലാനാ മുഹമ്മദ് ഉമർ സാഹിബിനോടുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. 'ഇസ്ലാമിക് ക്വിസ്' കുറ്റമറ്റതാക്കി പ്രസിദ്ധീകരിക്കാൻ സഹായിക്കുകയും ഈ പുസ്തകത്തെ മനോഹരമാക്കാൻ അങ്ങേയറ്റം ശ്രദ്ധിക്കുകയും ചെയ്ത മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബിനോടുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തട്ടെ. ഈ പുസ്തകം രചിക്കാനും പ്രസിദ്ധീകരിക്കാനും ആവശ്യമായ എല്ലാ ഒത്താശകളും ചെയ്തുതന്ന കേരളാ അഹ്മദിയ്യാ പബ്ലിക്കേഷൻ സദ്ർ ഈ സന്ദർഭത്തിൽ പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബിനോടുള്ള കൃതജ്ഞതയും ഈ സന്ദർഭത്തിൽ വ്യക്തമാക്കട്ടെ. അറിവിന്റെ ജ്യോതി കൈമാറുക എന്നത് ജീവിതത്തിന്റെ ഏറ്റവും വലിയ സാഫല്യമാണ്. അങ്ങനെ ഒരു കനകശോഭയുടെ നേരിയ നിലാവെളിച്ചം മറ്റുള്ളവർക്കായി പകരാൻ എനിക്ക് അവസരം നൽകിയ അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് ഈ വിനീത കൃതി സഹൃദയസമക്ഷം സമർപ്പിക്കുന്നു.

ഡോ. മുബാറക്ക മുഹമ്മദ്

N.B: *വി.ഖുറാനിലെ എല്ലാ അധ്യായങ്ങളുടെയും ആരംഭത്തിലുള്ള 'ബിസ്മി' ഒന്നാംവചനമായി കണക്കാക്കിക്കൊണ്ടാണ് ആയത്തുകൾക്ക് നമ്പർ നല്കിയിരിക്കുന്നത്. ചരിത്രപരവും ഭാഷാപരവുമായ ചില ചോദ്യങ്ങൾക്ക് ഇതിൽ കൊടുത്ത ഉത്തരത്തിൽനിന്നും വ്യത്യസ്തമായ ഉത്തരം ഉണ്ടായിക്കൂടെന്നില്ല.*

# അവതാരിക

കേരള ലജ്നാ ഇമായില്ലാഹ് തങ്ങളുടെ സുപ്രധാന പരിപാടികളിലെല്ലാം വിശിഷ്യ വാർഷിക ഇജ്തിമാകളിൽ 'ക്വിസ്സി'ന്നു (ചോദ്യോത്തരപരിപാടിക്ക്) പ്രാധാന്യം നൽകുന്നുണ്ട്. അതിന്റെ ഫലമായി നമ്മുടെ സഹോദരിമാർക്കും നാസിറാത്ത് കുഞ്ഞുങ്ങൾക്കും മതപരമായും വൈജ്ഞാനികമായും ഉള്ള അറിവും പൊതുവിജ്ഞാനവും (General Knowledge) അധികമായി സമ്പാദിക്കുവാൻ സാധിക്കുന്നു.

ഇസ്ലാം, പുരുഷന്മാരെപ്പോലെ സ്ത്രീകൾക്കും വിദ്യാസമ്പാദനത്തിന് പ്രാധാന്യവും പ്രചോദനവും നൽകുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദീസ്ത്രീകൾ വിദ്യാഭ്യാസരംഗത്ത് വളരെ മുൻപന്തിയിലാണ്. അഹ്മദിയ്യാജമാഅത്തിൽ നിരക്ഷരകുക്ഷിയായ ഒരു സ്ത്രീയും ഇല്ലെന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്.

ബാല്യം തൊട്ടുതന്നെ മതവിദ്യാഭ്യാസം കരസ്ഥമാക്കേണ്ടുന്ന ആവശ്യകതയെക്കുറിച്ചു ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) അരുൾ ചെയ്യുന്നു.

"മതവിദ്യാഭ്യാസകാര്യത്തിൽ ബാല്യകാലം വളരെ ഉചിതമായ കാലഘട്ടമാണ്. കാരണം ചെറുപ്പത്തിലുള്ള ഓർമ്മശക്തി വളരെ തീക്ഷ്ണതയുള്ളതാണ്. മനുഷ്യായുസ്സിന്റെ മറ്റൊരു ഘട്ടത്തിലും ഓർമ്മശക്തി ഇത്ര തീക്ഷ്ണതയുള്ളതായിട്ടില്ല. ചെറുപ്പകാലത്തുള്ള പലകാര്യങ്ങളും എനിക്കിന്നും ഓർമ്മയുണ്ടെങ്കിലും പതിനഞ്ചു വർഷങ്ങൾക്ക് മുമ്പേയുള്ള പല കാര്യങ്ങളും എന്റെ സ്മൃതിപഥത്തിലില്ല. അതിനുള്ള കാരണം, ആയുസ്സിന്റെ പ്രഥമഘട്ടത്തിൽ സമ്പാദിക്കുന്ന അറിവുകൾ ഒരിക്കലും മായാതെ ഓർമ്മയിൽ നിലനില്ക്കുന്നുവെന്നതാണ്. അതുകൊണ്ട് വിദ്യാസമ്പാദനകാര്യത്തിൽ മതവിദ്യാഭ്യാസത്തിന് പ്രാഥമികത്വം നൽകേണ്ടതാണ്." (മൽഫൂസാത്ത്)

കേരള ലജ്ന ഇമായില്ലായും നാസിറാത്തുൽ അഹ്മദിയ്യായും ഈ കാര്യത്തിൽ അതീവ ശ്രദ്ധാലുക്കളാണെന്ന കാര്യം സന്തോഷദായകമാണ്. അവർക്ക് മാർഗ്ഗദർശനം നൽകുന്ന ഈ ചെറുകൃതി വളരെ അനുഗൃഹീതവും ഉപകാരപ്രദവുമാണ്.

സുദീർഘകാലമായി എന്റെ ബഹുമാനത്തിനും ആദരവിനും പാത്രീഭൂതയായ ആത്മസഹോദരി ഡാക്ടർ മുബാറക്കാമുഹമ്മദ് സാഹിബ ആതുരസേവനത്താൽ തിരക്കുപിടിച്ച തന്റെ ദിനരാത്രങ്ങളിൽ ഈ 'സദഖാ ജാരിയ്യ'ക്കായി സമയം കണ്ടെത്തിയിരിക്കുന്നത് ഏറ്റവും പ്രശംസനീയവും സ്തുത്യർഹവുമാണ്.

നല്ലൊരു ലേഖികയും കവയിത്രിയും കൂടിയായ ഡോക്ടർ സാഹിബക്ക് എന്റെ അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തുകയും അവരുടെ അനുഗൃഹീത തൂലികയിൽ നിന്നും ഇതുപോലുള്ള കൃതികൾ ധാരാളം വന്നുകൊണ്ടിരിക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ഈ കൃതി സഹോദരിമാർക്കും കുഞ്ഞുങ്ങൾക്കും സമർപ്പിക്കുന്നതിൽ ചാരിതാർത്ഥ്യമടയുകയും ചെയ്യുന്നു.

വിനീതൻ

മുഹമ്മദ് ഉമർ. H.A

(ചീഫ് മിഷണറി അഹ്മദിയ്യാ മുസ്ലിം മിഷൻ, കേരള.)

കോഴിക്കോട്

12.1.2007

# കൃതജ്ഞത

എന്റെ ആത്മസഹോദരി ബഹുമാന്യ ഡോക്ടർ മുബാറക്കാ മുഹമ്മദ് സാഹിബ കേരളാ ലജ്‌നാ ഇമായില്ലാക്ക് എപ്പോഴും മാർഗ്ഗദർശനവും പ്രചോദനവും നൽകിക്കൊണ്ടിരിക്കുന്ന മഹൽവ്യക്തിത്വത്തിന്റെ ഉടമയാണ്.

കേരളത്തിലെ ലജ്‌നാ ഇമായില്ലായുടെ മുന്നേറ്റത്തിൽ അവരുടെ വിലയേറിയ അഭിപ്രായങ്ങൾ എപ്പോഴും ഞങ്ങൾക്ക് മാർഗ്ഗദർശനമായിട്ടുണ്ട്. അവർ രചിച്ച ഈ കൃതി സഹോദരിമാരുടെയും കുഞ്ഞുങ്ങളുടെയും വിജ്ഞാനദാഹം ശമിപ്പിക്കുന്നതിന് നിദാനമായിത്തീരട്ടെ എന്ന് ദുആ ചെയ്യുകയും ഡോക്ടർ സാഹിബക്ക് ഹൃദയം നിറഞ്ഞ നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നു.

വിനീത

അമത്തുൽ ഹഫീസ്

(പ്രസിഡണ്ട്, സംസ്ഥാന ലജ്‌നാ ഇമായില്ലാഹ്, കേരള)

കോഴിക്കോട്

12.1.2007

# സമർപ്പണം

അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ എന്റെ ജീവിതയാത്രയിൽ എനിക്ക് കൈവന്ന എല്ലാ നേട്ടങ്ങൾക്കും ഞാൻ കടപ്പെട്ടിരിക്കുന്ന സ്നേഹനിധിയായ എന്റെ വന്ദ്യപിതാവിന്റെ പാവന സ്മരണക്ക്.

## ബിസ്മില്ലാഹിർറഹ്മാനിർറഹീം

1. വി. ഖുർആന്റെ അവതരണം എത്ര കാലയളവിൽ പൂർത്തിയായി?

   ഉ: 23 കൊല്ലം.

2. വി.ഖുർആനിലെ സൂക്തങ്ങൾ എത്ര? അധ്യായങ്ങൾ എത്ര?

   ഉ: 6348 സൂക്തങ്ങൾ. 114 അധ്യായങ്ങൾ.

3. പല സന്ദർഭങ്ങളിലായി അവതരിച്ച സൂക്തങ്ങളെ വിവിധ സൂറത്തുകളായി ക്രമീകരിച്ചത് ആരുടെ നിർദ്ദേശപ്രകാരമാണ്?

   ഉ: ദൈവിക കല്പനയനുസരിച്ച് നബിതിരുമേനിയുടെ നിർദ്ദേശം.

4. സൂറ അലഖിലെ എത്ര വചനങ്ങളാണ് ആദ്യമായി അവതരിച്ചത്?

   ഉ: ആദ്യത്തെ 5 വചനങ്ങൾ.

5. വി.ഖുർആന് 'മുസ്ഹഫ്' എന്ന പേർ നല്കിയതാര്?

   ഉ: ഹ. അബൂബക്കർ(റ)

6. നബിതിരുമേനിയുടെ വിയോഗാനന്തരം വി.ഖുർആൻ ആദ്യന്തം ഒരേ ഗ്രന്ഥത്തിൽ എഴുതി സൂക്ഷിക്കുവാൻ ഹ. അബൂബക്കർ(റ) നിയോഗിച്ചത് ആരെയായിരുന്നു?

   ഉ: സൈദിബ്നു സാബിത്(റ)

7. ഹ. ഉസ്മാൻ(റ)ന്റെ കാലത്തുള്ള മുസ്ഹഫിന്റെ ഒരു പ്രതി സൂക്ഷിച്ചു വെക്കപ്പെട്ടത് എവിടെ?

   ഉ: തുർക്കി മ്യൂസിയത്തിൽ

8. വി.ഖുർആന്റെ ക്രോഡീകരണം ദൈവിക കല്പനയനുസരിച്ചാണെന്ന് കാണിക്കുന്ന ഖുർആൻ വചനം?

   ഉ: 'ഇന്ന അലൈനാ ജംഅഹു വ ഖുർആനഹു'. സൂറ

അൽഖിയാമ (75:18)

9. വി.ഖുർആനിലെ ഏറ്റവും സുദീർഘമായ സൂറത്തേത്? എത്ര ആയത്തുകൾ?

ഉ: അൽബഖറ. 287 ആയത്തുകൾ.

10. ഏറ്റവും ദീർഘമായ ആയത്തേത്? അതിലെ പ്രതിപാദ്യവിഷയമെന്ത്?

ഉ: അൽബഖറയിലെ 283-ാം വചനം. കടമിടപാടുകൾ നടത്തുമ്പോൾ സാക്ഷികൾ മുഖാന്തിരം രേഖപ്പെടുത്തേണ്ടതിന്റെ ആവശ്യകത.

11. 'നാമാണ് ഇതിനെ അവതരിപ്പിച്ചത്. നാം തന്നെ ഇതിനെ സംരക്ഷിക്കുകയും ചെയ്യും.' വി.ഖുർആനെക്കുറിച്ചുള്ള അല്ലാഹുവിന്റെ ഈ വാഗ്ദാനം ഏത് സൂറത്തിൽ?

ഉ: സൂറ ഹിജ്ർ(15:10)

12. വി.ഖുർആൻ പാരായണം ചെയ്യുമ്പോൾ ശപിക്കപ്പെട്ട പിശാചിന്റെ ഉപദ്രവത്തിൽനിന്ന് രക്ഷനേടാൻ ആഹ്വാനം ചെയ്യുന്ന സൂക്തം ഏത് സൂറത്തിൽ?

ഉ: സൂറ നഹ്ൽ(16:99)

13. മുഹ്കമാത് എന്നാലെന്ത്?

ഉ: ഖണ്ഡിതമായി അർത്ഥം പറയാൻ കഴിയുന്നതും ദുർവ്യാഖ്യാനങ്ങൾക്ക് ഇടം നൽകാത്തതുമായ സൂക്തം.

14. നബിതിരുമേനിക്ക് രണ്ടാമതായി അവതരിച്ച സൂറത്തേത്?

ഉ: സൂറ മുദ്ദസിർ

15. ഇസ്തിർജാഅ് എന്താണ്?

ഉ: 'ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ' എന്നുപറയുക.

16. അവർ നരകത്തിന്റെ ഏറ്റവും താഴ്ന്ന പടിയിലായിരിക്കുമെന്ന് ഖുർആൻ പറഞ്ഞത് ആരെക്കുറിച്ച്?

ഉ: കപട വിശ്വാസികൾ

17. വി.ഖുർആനിലെ ഏറ്റവും മഹത്തായ സൂക്തമെന്ന് വിശേഷിപ്പിക്കപ്പെട്ടത് ഏത്? ഏത് സൂറത്തിൽ?

ഉ: ആയത്തുൽ കുർസി. സൂറ ബഖറ

18. സുപ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവും ഖിബ്റുൽ ഉമ്മത്ത് (സമുദായത്തിലെ പണ്ഡിതൻ) എന്ന പേരിലറിയപ്പെടുന്നതുമായ വ്യക്തി ആര്?
ഉ: ഇബ്നു അബ്ബാസ്(റ)

19. അറബിലിപിയിൽ എത്ര അക്ഷരങ്ങളുണ്ട്?
ഉ: 28.

20. 'ഏഴ് ആവർത്തിത വചനങ്ങൾ' എന്നുപറഞ്ഞത് ഏതിനെ ഉദ്ദേശിച്ചാണ്?
ഉ: സൂറ ഫാതിഹ

21. ഉമ്മുൽ കിതാബ് ഏതാണ്?
ഉ: സൂറ ഫാതിഹ

22. മുഅവ്വദത്തൈൻ എന്ന പേരിലറിയപ്പെടുന്ന സൂറത്തുകൾ ഏവ?
ഉ: സൂറ ഫലഖ്, സൂറ അന്നാസ്

23. വി. ഖുർആനിലെ ഏറ്റവും മഹത്തായ സൂറത്ത് ഏത്?
ഉ: സൂറ ഫാതിഹ

24. ഗനീമത്ത് എന്നാൽ എന്ത്?
ഉ: യുദ്ധക്കളത്തിൽ ശത്രുക്കൾ ഉപേക്ഷിച്ചുപോകുന്ന സ്വത്ത്.

25. നബി(സ)ന് ലഭിക്കുന്ന ദിവ്യസന്ദേശങ്ങൾ എഴുതുകയും പിന്നീട് ഇസ്ലാം ഉപേക്ഷിക്കുകയും നബിയുടെ പേരിൽ കളവ് കെട്ടിച്ചമച്ച് പ്രചരിപ്പിക്കുകയും ചെയ്ത വ്യക്തി?
ഉ: അബ്ദുല്ലാഹ്ബിൻ സഅ്ദ് ബിൻ അബൂസർഹ്

26. വി.ഖുർആനിലെ 3ൽ ഒരു ഭാഗം എന്ന് ഏതു സൂറത്തിനെക്കുറിച്ചാണ് നബി തിരുമേനി പറഞ്ഞത്?
ഉ: സൂറ ഇഖ്ലാസ്

27. ആരംഭത്തിൽ ബിസ്മി ഇല്ലാത്ത സൂറത്തേത്?
ഉ: സൂറ തൗബ

28. സൂറ തൗബയുടെ മറ്റൊരു പേര്?
ഉ: ബറാഅത്

29. സൂറഫാതിഹയെ ഏഴ് ആവർത്തിത വചനങ്ങൾ എന്ന് വിശേഷിപ്പിച്ചത് ഏത് സൂറത്തിൽ?
ഉ: സൂറ ഹിജ്ർ

30. രണ്ട് പ്രാവശ്യം ബിസ്മിയുള്ള സൂറത്തേത്?
ഉ: സൂറ അന്നംല്

31. പിതാവായ അബ്ദുല്ലായുടെ മരണസമയത്തിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായഭിന്നതയുണ്ട്. എന്താണ് ആ ഭിന്നത?
ഉ: നബിയുടെ ജനനത്തിന് രണ്ട് മാസം മുമ്പേയാണെന്നും രണ്ട് മാസത്തിനുശേഷമാണെന്നും.

32. വി. ഖുർആനിൽ ബിസ്മില്ലാഹ് കഴിഞ്ഞ് മുകത്തആത് കൊണ്ട് തുടങ്ങുന്ന എത്ര സൂറത്തുകളുണ്ട്?
ഉ: 29

33. ഇസ്റായീൽ സന്തതികൾ എന്ന് ആരെക്കുറിച്ചാണ് പറയപ്പെടുന്നത്?
ഉ: യഅ്ഖൂബ് നബിയുടെ 12 മക്കളുടെ സന്താനപരമ്പര.

34. നബി തിരുമേനിയുടെ വിയോഗത്തെക്കുറിച്ചുള്ള സൂചനയടങ്ങുന്ന സൂറത്തേത്? ഇത് തിരുമേനിയുടെ വഫാത്തിന് എത്ര ദിവസം മുമ്പാണ് അവതരിച്ചത്?
ഉ: സൂറ അന്നസ്ർ 70 ദിവസം മുമ്പേ.

35. ഫാത്തിഹ എന്ന വാക്കിന്റെ അർത്ഥമെന്ത്?
ഉ: പ്രാരംഭം

36. ബദ്ർ യുദ്ധത്തെക്കുറിച്ചുള്ള പരാമർശം അടങ്ങിയ സൂറത്തേത്?
ഉ: സൂറ. അൻഫാൽ

37. ഏത് സൂറത്തിലാണ് ഉഹ്ദ് യുദ്ധത്തെക്കുറിച്ചുള്ള വിവരണമുള്ളത്?
ഉ: സൂറ ആലുഇംറാൻ

38. സൂറ അഹ്സാബിൽ ഏത് യുദ്ധത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്?
ഉ: ഖന്തഖ് യുദ്ധം

39. സ്വന്തം സഹോദരി ഇസ്‌ലാം മതമാശ്ലേഷിച്ചതറിഞ്ഞ് കുപിതനായ ഉമർ സഹോദരീഗൃഹത്തിൽ പ്രവേശിക്കുമ്പോൾ കേട്ടത് വി. ഖുർ ആനിലെ ഏത് സൂറത്തിലെ വരികളായിരുന്നു? അത് ആരായിരുന്നു പാരായണം ചെയ്തിരുന്നത്?

ഉ: സൂറ താഹാ, ഖബ്ബാബ്(റ)

40. മൂസാനബിയുടെ അഭാവത്തിൽ ഇസ്രായീല്യർക്ക് സ്വർണ്ണം കൊണ്ടുള്ള പശുക്കുട്ടിയെ ഉണ്ടാക്കുവാൻ നേതൃത്വം നൽകിയ താര്?

ഉ: സാമിരി

41. ഖുർആനിൽ എത്ര പ്രവാചകന്മാരെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്?

ഉ: 25

42. യൗമുൽ ഫുർഖാൻ എന്ന് വിശേഷിപ്പിച്ച ദിവസം?

ഉ: ബദ്ർ യുദ്ധദിവസം

43. ചെങ്കടൽ കടന്നു രക്ഷപ്പെട്ടതിന്ശേഷം സീനാതാഴ്വരയിൽ 40 കൊല്ലം അലയേണ്ടിവന്ന ഇസ്റായീല്യർക്ക് അല്ലാഹു നൽകിയ രണ്ട് അനുഗ്രഹങ്ങൾ ഏതൊക്കെ?

ഉ: മേഘത്തണലും ഭക്ഷണത്തിനായി മന്നയും സൽവയും.

44. മൂസാനബിയുടെ കാലശേഷം ഇസ്റായീല്യർ അവരുടെ വാഗ്ദത്തം ചെയ്യപ്പെട്ട പരിശുദ്ധഭൂമിയിൽ(ബൈതുൽ മുഖദ്ദസിൽ)പ്രവേശിച്ചത് ആരുടെ നേതൃത്വത്തിലായിരുന്നു?

ഉ: യൂശഉ് നബി(അ)ന്റെ

45. അല്ലാഹുവിനാൽ ഹറാമാക്കപ്പെട്ട 4 വസ്തുക്കൾ ഏവ?

ഉ: ശവം, രക്തം, പന്നിമാസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ വഴിപാടാക്കപ്പെട്ടവ.

46. വ്രതാനുഷ്ഠാനത്തെക്കുറിച്ച് ആഹ്വാനമടങ്ങുന്ന സൂറത്തേത്?

ഉ: അൽബഖറ

47. വി.ഖുർആൻ ഇറങ്ങിയ അനുഗൃഹീത രാത്രിയെക്കുറിച്ചുള്ള പരാമർശം അടങ്ങുന്ന 2 സൂറത്തുകൾ?

ഉ: സൂറ. ഖദ്ർ, സൂറ. ദുഖാൻ

48. യുദ്ധം നിരോധിക്കപ്പെട്ട ആദരണീയ മാസങ്ങൾ ഏതൊക്കെ?
ഉ: ദുൽഖഅദ്, ദുൽഹജ്ജ്, മുഹർറം, റജബ്

49. അയ്യാമുത്തശ്‌രീഖ് എന്നറിയപ്പെടുന്ന ദിവസങ്ങൾ ഏവ?
ഉ: ദുൽഹജ്ജ്11,12,13 തിയ്യതികൾ

50. മദ്യം നിരോധിച്ചുകൊണ്ടുള്ള വി. ഖുർആനിലെ സൂക്തങ്ങൾ ഏതെല്ലാം?
ഉ: 2:220, 5:91, 92

51. ഒരാൾ ശപഥം ലംഘിച്ചാൽ അതിനുള്ള പ്രായശ്ചിത്തമായി വി. ഖുർആൻ കല്പിക്കുന്നതെന്ത്?
ഉ: 10 സാധുക്കൾക്കുള്ള ഭക്ഷണമോ വസ്ത്രമോ നൽകുക, അല്ലെങ്കിൽ ഒരടിമയെ സ്വതന്ത്രമാക്കുക. അല്ലെങ്കിൽ 3 ദിവസം നോമ്പനുഷ്ഠിക്കുക.

52. കലീമുല്ലാഹ് എന്ന വിശേഷണം ഏത് നബിയെക്കുറിച്ചാണ്?
ഉ: മൂസാ നബി(അ)

53. ഖലീലുല്ലാഹ് എന്ന വിശേഷണം ഏത് നബിയെക്കുറിച്ചാണ്?
ഉ: ഇബ്റാഹീം നബി(അ)

54. നബി തിരുമേനി ആരെയായിരുന്നു മുബാഹലക്ക് ആഹ്വാനം ചെയ്തത്?ഏത് കൊല്ലത്തിൽ?
ഉ: നജ്റാനിൽനിന്ന് വന്ന ഒരു ക്രിസ്തീയ നിവേദകസംഘത്തെ. ഹിജ്റാ 9-ാം വർഷം

55. പ്രസ്തുത മുബാഹലയെക്കുറിച്ചുള്ള പരാമർശം വി.ഖുർആനിലെ ഏത് സൂറത്തിൽ?
ഉ: സൂറ. ആലുഇംറാൻ

56. ഇബ്റാഹീം നബിയെ ധിക്കരിക്കുകയും അദ്ദേഹത്തോട് തർക്കം നടത്തുകയും ചെയ്ത രാജാവ്?
ഉ: നംറൂദ്.

57. രാജത്വത്തിന്റെയും പ്രവാചകത്വത്തിന്റെയും പദവികൾ ഒന്നിച്ചല

ങ്കരിക്കാൻ ഭാഗ്യം സിദ്ധിച്ച ആദ്യത്തെ മഹാൻ?
ഉ: ഹ. ദാവൂദ് നബി(അ)

58. പരിശുദ്ധ ഖുർആനിൽവന്ന ഏക സ്ത്രീനാമം?
ഉ: ഹദ്റത്ത് മർയം(അലയ്ഹസ്സലാം)

59. ഹദ്റത്ത് മർയമിന്റെ മാതാപിതാക്കളുടെ പേരെന്ത്?
ഉ: മാതാവ് ഹന്ന. പിതാവ് ഇംറാൻ

60. ഹദ്റത്ത് മർയമിന്റെ സംരക്ഷണച്ചുമതല ആരിലാണ് അർപ്പിതമായത്?
ഉ: ഹദ്റത്ത് സക്രിയ്യാ നബി(അ)

61. 'മസീഹ്' എന്ന വാക്കിന്റെ അർത്ഥമെന്ത്?
ഉ: ദീർഘയാത്ര ചെയ്യുന്നവൻ.

62. ഹവാരികൾ എന്നുപറയുന്നത് ആരെക്കുറിച്ചാണ്?
ഉ: ഈസാനബിയുടെ അനുയായികളെ.

63. ബൈത്തുൽ മുഖദ്ദസ് ആരുടെ കാലത്താണ് സ്ഥാപിക്കപ്പെട്ടത്?
ഉ: സുലൈമാൻ നബിയുടെ

64. മുഹമ്മദ് എന്ന പേര് വി. ഖുർആനിൽ എത്രതവണ? ഏതെല്ലാം സൂറത്തുകളിൽ.
ഉ: 4 തവണ. സൂറ. ആലു ഇംറാൻ, അഹ്സാബ്, ഫത്ഹ്, മുഹമ്മദ്.

65. 'വമാ മുഹമ്മദുൻ ഇല്ലാ റസൂലുൻ ഖദ് ഖലത്ത് മിൻ ഖബ്‌ലിഹിർറുസുൽ' ഈ ആയത്ത് ഇറങ്ങിയത് എവിടെ വെച്ച്?
ഉ: ഉഹ്ദിൽ വെച്ച്.

66. ഇസ്‌ലാമിലെ അനന്തരാവകാശനിയമങ്ങൾ വിവരിക്കുന്ന സൂറത്തേത്?
ഉ: സൂറ അന്നിസാഅ്

67. ഒരാൾക്ക് തന്റെ സ്വത്തിന്റെ എത്രഭാഗംവരെ വസിയത്ത് ചെയ്യാം?
ഉ: 1/3 ഭാഗം

68. കലാലത്ത് എന്നാലെന്ത്?
ഉ: അനന്തരാവകാശികളായി പിതാവും മക്കളുമില്ലാതെ മരിക്കുന്ന

ആൾ.

69. സൂറ. മായിദയുടെ മറ്റൊരു പേര്?
ഉ: സൂറ. ഉഖൂദ്

70. മായിദ എന്നതിന്റെ അർത്ഥമെന്ത്?
ഉ: ഭക്ഷണത്തളിക

71. 'അൽയൗമ അക്മൽതുലക്കും ദീനക്കും' എന്നു തുടങ്ങുന്ന ഖുർആൻ വാക്യം(5:4) അവതരിച്ചത് നബി തിരുമേനിയുടെ വിയോഗത്തിന് എത്ര ദിവസം മുമ്പേയാണ്? എവിടെ വെച്ച്?
ഉ: 81 ദിവസം മുമ്പേ. ഹജ്ജത്തുൽ വിദായിലെ അറഫാ മൈതാനത്ത് വെള്ളിയാഴ്ച.

72. വുളു ചെയ്യേണ്ടുന്ന രീതി വിവരിക്കുന്നത് ഏത് സൂറത്തിൽ?
ഉ: സൂറ. മാഇദ(5:8)

73. ഇബ്റാഹിം നബിയുടെ സ്വദേശം ഏത്? അദ്ദേഹം വഫാത്തായത് എവിടെ വെച്ച്?
ഉ: ഇറാഖിലെ ഊർപട്ടണം. വഫാത്തായത് പലസ്തീനിലെ ഖലീൽ (Hebron)എന്ന പട്ടണത്തിൽ

74. ഇസ്‌ലാമിൽ ആദ്യമായി ജനാസ ഗായിബ് നമസ്കരിച്ചത് ആർക്ക് വേണ്ടിയായിരുന്നു?
ഉ: അബ്സീനിയയിലെ നജ്ജാശിരാജാവിന്ന് വേണ്ടി.

75. നബി തിരുമേനിയുടെ പുത്രൻ ഇബ്റാഹീമിന്റെ മാതാവാര്? ഇവർ നബി തിരുമേനിയുടെ അടുക്കൽ എത്തിച്ചേർന്നതെങ്ങനെ?
ഉ: മാരിയതുൽ ഖിബ്തിയ്യ(റ). ഈജിപ്തിലെ മുഖൗഖസ് രാജാവ് നബിതിരുമേനിക്ക് അയച്ചുകൊടുത്ത പാരിതോഷികം.

76. അല്ലാഹുവിൽനിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിക്കൊടുക്കാൻ ആർ ആരോടാണ് ആവശ്യപ്പെട്ടത്?
ഉ: ഹവാരീംകൾ, ഈസാ നബിയോട്

77. ബിസ്മില്ലായ്ക്കുശേഷം 'അൽഹംദുലില്ലാഹ്' എന്ന സ്തുതി കീർത്തനംകൊണ്ട് ആരംഭിക്കുന്ന സൂറത്തുകൾ ഏവ?
ഉ: ഫാത്തിഹ, അൻആം, അൽകഹ്ഫ്, സബഅ്, ഫാത്വിർ(5

എണ്ണം)

78. ഇബ്റാഹീം നബി(അ)ന്റെ പിതാവിന്റെ പേരെന്ത്?
ഉ: ആസർ

79. 'ഉമ്മുൽ ഖുറാ' ഏത് പട്ടണമാണ്?
ഉ: മക്കാപട്ടണം

80. യഹൂദികൾ ദൈവപുത്രനായി വിശ്വസിച്ചത് ആരെയായിരുന്നു?
ഉ: ഉസൈർ(അ)

81. അബൂജഹ്ൽ എന്ന അപരനാമത്തിൽ പ്രസിദ്ധനായ വ്യക്തി?
ഉ: അംറ് ബിൻ ഹിശാം

82. സ്വഹാബി എന്ന് പറയുന്നത് ആരെക്കുറിച്ചാണ്?
ഉ: നബിയെ കാണുകയും അദ്ദേഹത്തിന്റെ പ്രവാചകത്വത്തിൽ വിശ്വസിക്കുകയും ചെയ്ത വ്യക്തിയെ

83. നൂഹ് നബിയുടെ ശരീഅത്തിന്റെ കാലാവധി എത്രയായിരുന്നു?
ഉ: 950 വർഷം

84. ആദ് സമുദായത്തിൽ വന്ന പ്രവാചകനാര്?
ഉ: ഹൂദ്(അ)

85. പ്രവാചകനെ നിഷേധിച്ചതിന് ആദ് സമുദായത്തിന് വന്ന ദൈവിക ശിക്ഷയെന്തായിരുന്നു?
ഉ: 7 രാത്രിയും 8 പകലും നീണ്ടു നിന്ന അത്യുഗ്രമായ കൊടുങ്കാറ്റ്.

86. നറുക്കെടുപ്പിൽ പേര് വന്നതിന്റെ ഫലമായി കടലിലേക്ക് തള്ളപ്പെട്ട പ്രവാചകനാര്?
ഉ: യൂനുസ് നബി(അ)

87. സമൂദ് ജനതയിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനാര്?
ഉ: സാലിഹ് നബി

88. സാലിഹ് നബിക്ക് ദൃഷ്ടാന്തമായി അല്ലാഹു നിയോഗിച്ചത് എന്തായിരുന്നു?
ഉ: പെൺഒട്ടകം

89. ശുഐബ് നബി ഏതു ജനതയിലേക്ക് വന്ന പ്രവാചകനായിരുന്നു?

ഉ: മദ്‌യൻ നിവാസികൾക്കും ഐക്കത്തുകാർക്കും.

90. തൗഹീദ് കഴിഞ്ഞാൽ ശുഐബ് നബിയുടെ പ്രധാന പ്രബോധന വിഷയം എന്തായിരുന്നു?
ഉ: അളവിലും തൂക്കത്തിലും കൃത്യത പാലിക്കൽ.

91. മൂസാനബിയുടെ ശത്രുക്കളിൽ 3 പ്രധാനികൾ ആരൊക്കെ?
ഉ: ഫിർഔൻ, ഹാമാൻ, ഖാറൂൻ

92. സത്യവിശ്വാസത്തിലേക്കും തൗഹീദിലേക്കും ക്ഷണിക്കുകയെന്നതിന് പുറമെ മൂസാനബിയിൽ അർപ്പിതമായിരുന്ന ഒരു പ്രത്യേക ദൗത്യമെന്തായിരുന്നു?
ഉ: ഇസ്റായീല്യരെ ഫിർഔന്റെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കൽ.

93. വി.ഖുർആനിൽ ഏറ്റവും അധികം പ്രാവശ്യം പേരെടുത്ത് പറഞ്ഞിട്ടുള്ളത് ആരെയാണ്?
ഉ: മൂസാനബി(അ)

94. മൂസാനബിയേയും അനുയായികളേയും പിന്തുടർന്ന് പോയ ഫിർഔനും കൂട്ടരും മുങ്ങിയത് ഏത് കടലിൽ?
ഉ: ചെങ്കടലിൽ

95. അറബി വ്യാകരണത്തിന്റെ ഉപജ്ഞാതാവ്?
ഉ: അലിയ്യിബ്നു അബൂത്വാലിബ്

96. ഉമ്മിയായ നബി എന്നാലെന്ത്?
ഉ: അക്ഷരജ്ഞാനമില്ലാത്ത പ്രവാചകൻ.

97. മൂസാനബിക്ക് തൗറാത്ത് ഇറങ്ങിയത് എവിടെ വെച്ച്?
ഉ: സീനാ പർവ്വതത്തിൽ വെച്ച്

98. ഖുർആൻ പാരായണത്തിന്റെ സുജൂദ് നിയമിക്കപ്പെട്ടിട്ടുള്ള സൂക്തങ്ങളിൽ ഒന്നാമത്തേത് ഏത് സൂറത്തിൽ?
ഉ: സൂറ: അഅ്റാഫ്(7: 207)

99. തൗറാത്തിന്റെ മൂലഭാഷയേത്?
ഉ: ഹീബ്രു

100. മജൂസികൾ എന്നാലാര്?
ഉ: അഗ്നിയാരാധകർ

101. അഅ്റാബികൾ എന്നാലാര്?
ഉ: കുഗ്രാമവാസികളായ അറബികൾ.

102. ലാ തഹ്സൻ ഇന്നല്ലാഹ മഅനാ (വ്യസനിക്കേണ്ട. തീർച്ചയായും അല്ലാഹു നമ്മോടൊപ്പമുണ്ട്) ഇത് ആർ ആരോട് പറഞ്ഞ വാക്കുകളാണ്? ഏത് സൂറത്തിലാണ് ഇത് രേഖപ്പെടുത്തിയിട്ടുള്ളത്?
ഉ: നബിതിരുമേനി(സ) ഹദ്റത്ത് അബുബക്കറിനോട് സൗർ ഗുഹയിൽവെച്ച്. സൂറ: അത്തൌബ(9:41)

103. തബൂക്ക് യുദ്ധത്തെക്കുറിച്ചുള്ള വിവരണമടങ്ങുന്ന സൂറത്തേത്?
ഉ: സൂറ: അത്തൌബ

104. ഇസ്ലാമിൽ ഒന്നാമതായി നിർമ്മിക്കപ്പെട്ട പള്ളി ഏത്?
ഉ: മസ്ജിദ് ഖുബാ

105. മസ്ജിദു ളിറാർ ഏതാണ്?
ഉ: അല്ലാഹുവിനോടും റസൂലിനോടും യുദ്ധം ചെയ്യുന്നവർക്ക് ഒരു പതിസ്ഥലമായി കപടവിശ്വാസികൾ ഖുബയിൽ നിർമ്മിച്ച പള്ളി.( നബി തിരുമേനി ഇതിന്റെ സത്യാവസ്ഥ വഹ്‌യ് മൂലം അറിഞ്ഞപ്പോൾ ആ പള്ളി പൊളിച്ചു മാറ്റുകയുണ്ടായി.)

106. മൂസാനബിയുടെ ദൗത്യനിർവ്വഹണത്തിൽ അദ്ദേഹത്തിന് സഹായിയായി നിയോഗിക്കപ്പെട്ടത് ആര്?
ഉ: അദ്ദേഹത്തിന്റെ സഹോദരൻ ഹാറൂൻ നബി.

107. നിനേവ നിവാസികൾക്ക് വന്ന പ്രവാചകനാര്?

ഉ: യൂനുസ് നബി(അ)

108. 'മാന്യന്റെ മകനായ മാന്യന്റെ മകനായ മാന്യന്റെ മകനായ മാന്യൻ' എന്ന് നബി തിരുമേനി വിശേഷിപ്പിച്ചത് ആരേയായിരുന്നു?
ഉ: യൂസുഫ് നബി(അ). (ഇബ്റാഹീമിന്റെ മകൻ ഇസ്ഹാഖ്, അദ്ദേഹത്തിന്റെ മകൻ യഅ്ഖൂബ് അദ്ദേഹത്തിന്റെ മകൻ യൂസുഫ്)

109. ജ്ഞാനിയായ ബാലൻ(ഗുലാമുൻ അലീം)എന്നും സഹനശീലനായ ബാലൻ(ഗുലാമുൻ ഹലീം) എന്നും വി.ഖുർആൻ വിശേഷി

പ്പിച്ചത് ആരെയൊക്കെ?
ഉ: യഥാക്രമം ഇസ്ഹാഖ് നബിയും ഇസ്മായീൽ നബിയും

110. സൂറ: ബനീഇസ്റായീലിന്റെ മറ്റുപേരുകൾ?
ഉ: സൂറത്തുൽ ഇസ്റാഹ്, സൂറത്ത് സുബ്ഹാന.

111. ഗുഹാവാസികൾ താമസിച്ചിരുന്നതായി പറയപ്പെടുന്ന സ്ഥലം?
ഉ: റോമിലെ കാറ്റ കോംസ് (Catacombs)

112. ദുൽഖർനൈൻ എന്ന വാക്കിന്റെ അർത്ഥമെന്ത്?
ഉ: രണ്ട് കൊമ്പുള്ള ആൾ, രണ്ടു ശതാബ്ദങ്ങളുമായി ബന്ധപ്പെട്ട ആൾ.

113. ബിസ്മില്ലായ്ക്കുശേഷം സൂറ: മർയം ആരംഭിക്കുന്നത് ഏത് മുഖ ത്തആത്ത് കൊണ്ടാണ്?
ഉ: കാഫ്-ഹാ-യാ-ഐൻ-സാദ്

114. റൂഹുൽ അമീൻ ആരാണ്?
ഉ: ജിബ്രീൽ (അ)

115. ഇബ്റാഹീം നബിയും ലൂത്ത് നബിയും തമ്മിലുള്ള ബന്ധമെന്ത്?
ഉ: ഇബ്റാഹീം നബിയുടെ സഹോദരപുത്രൻ

116. പടയങ്കിയിൽ പരിഷ്ക്കാരം വരുത്തിയ പ്രവാചകനാര്?
ഉ: ദാവൂദ് നബി(അ)

117. സുലൈമാൻ നബിക്ക് മറ്റാർക്കും ലഭിക്കാത്ത അല്ലാഹു നൽകിയ രണ്ട് അനുഗ്രഹങ്ങൾ?
ഉ: കാറ്റിനെ കീഴ്പ്പെടുത്തിയതും മുങ്ങൽ വിദഗ്ദ്ധരെ നിയോഗിച്ച തും.

118. ദുന്നൂൻ ആരാണ്?
ഉ: യൂനുസ് നബി(അ)

119. മത്സ്യത്തിന്റെ വയറ്റിൽ വെച്ച് യൂനുസ് നബി ചെയ്ത പ്രാർത്ഥന യേത്?
ഉ: ലാ ഇലാഹ ഇല്ലാ അൻത സുബ്ഹാനക ഇന്നീ കുൻതുമിന ള്ളാലിമീൻ.

120. ദാവൂദ് നബിക്ക് ഇറക്കപ്പെട്ട വേദഗ്രന്ഥം ഏത്?
ഉ: സബൂർ

121. സാബികൾ എന്നാലാരാണ്?
ഉ: സൂര്യചന്ദ്രനക്ഷത്രാദികളെ ആരാധ്യരായി സ്വീകരിച്ചവർ.

122. മുസ്‌ലിംകൾക്ക് പ്രതിരോധയുദ്ധം ചെയ്യുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് അവതരിച്ച ആദ്യത്തെ ആയത്ത് ഏതു സൂറത്തിൽ?
ഉ: സൂറത്തുൽ ഹജ്ജ്(22: 40)

123. ഗുണവതികളായ സത്യവിശ്വാസികളെപ്പറ്റി അപവാദം പറഞ്ഞുണ്ടാക്കുന്നതിനെതിരെ ശക്തമായ താക്കീതുൾക്കൊള്ളുന്ന ഖുർആൻ വചനം ഏത് സൂറത്തിൽ?
ഉ: സൂറത്തുന്നൂർ

125. വി. ഖുർആനിൽ ആകെ എത്ര സജ്ദ തിലാവത്ത് ഉണ്ട്?
ഉ: 15

126. റസൂൽ പറഞ്ഞു. "എന്റെ രക്ഷിതാവേ, എന്റെ ജനം ഈ ഖുർആനെ പിൻപുറം തള്ളിക്കളഞ്ഞു" ഈ ഖുർആൻവാക്യം ഏത് സൂറത്തിൽ?
ഉ: സൂറ: ഫുർഖാൻ(25:31)

127. അൽ ബഖറ കഴിഞ്ഞാൽ പിന്നെ ഏറ്റവും ദീർഘമുള്ള സൂറത്തേത്? എത്ര ആയത്തുകൾ?
ഉ: സൂറ: ശുഅറാഅ്. 228 ആയത്തുകൾ.

128. ലൂത്ത് നബിയുടെ ജനതയുടെ വാസസ്ഥലം ഏതായിരുന്നു?
ഉ: ഫലസ്തീനിലെ സോദോം.

129. ആദു സമുദായത്തിന്റെ വാസസ്ഥലത്തിന്റെ പേരെന്ത്?
ഉ: അഹ്ഖാഫ്

130. സാലിഹ് നബിയുടെ ജനതയായ സമൂദ് ഗോത്രത്തിന്റെ വാസസ്ഥലം?
ഉ: അൽ ഹിജ്ർ

131. ഫിർഔനും ജനതയ്ക്കും വേണ്ടി അല്ലാഹുവിന്റെ പക്കൽ നിന്ന്

മൂസാനബിയുടെ കൈക്ക് വെളിപെട്ട 2 പ്രധാന അടയാളങ്ങൾ ഏതൊക്കെ?
ഉ: വടി പാമ്പായതും കൈ വെള്ളനിറമായതും

132. സുലൈമാൻ നബി മുഖാന്തിരം സത്യവിശ്വാസം സ്വീകരിച്ച സബഇലെ റാണിയുടെ പേരെന്ത്?
ഉ: ബിൽഖീസ്

133. ഈസാനബിയിൽ വിശ്വസിക്കുന്നതിന് യഹൂദികൾക്ക് തടസ്സമായിരുന്ന 2 പ്രധാന സംഗതികൾ ഏതെല്ലാം?
ഉ: മസീഹിന് മുമ്പേ ഇൽയാസ് ഇറങ്ങുമെന്നും മസീഹ് രാജാവായിരിക്കുമെന്നുമുള്ള പ്രവചനങ്ങൾ.

134. മൂസാനബി വിവാഹം കഴിച്ചത് ഏത് ജനതയിൽ പെട്ട സ്ത്രീയെയായിരുന്നു?
ഉ: മദ്യൻ നിവാസിനി

135. മൂസാനബിയുടെ ജനതയിൽ പെട്ടവനായിട്ട്കൂടി ധനാധിക്യത്താൽ അസൂയയും ധിക്കാരവും മൂത്ത് അദ്ദേഹത്തിന്റെ കടുത്ത ശത്രുക്കളിലൊരാളായിത്തീർന്ന വ്യക്തി?
ഉ: ഖാറൂൻ

136. ഇബ്റാഹീം നബി ഇറാഖിൽനിന്ന് എവിടേക്കാണ് ഹിജ്റ പോയത്?
ഉ: ശാമിലേക്ക്

137. ഖാറൂന്ന് വന്ന ദൈവികശിക്ഷയെക്കുറിച്ച് വി.ഖുർആൻ പറയുന്നതെന്ത്?
ഉ: "അവനെയും അവന്റെ ഭവനത്തെയും നാം ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു." (28:82)

138. അങ്കബൂത്ത്-അർത്ഥമെന്ത്?
ഉ: ചിലന്തി

139. അല്ലാഹു ആരെയാണ് ചിലന്തിയോടുപമിച്ചിരിക്കുന്നത്?
ഉ: ശിർക്ക് ചെയ്യുന്നവരെ

140. ഖന്തഖ് യുദ്ധത്തിന്റെ മറ്റൊരു പേരെന്ത്?
ഉ: അഹ്സാബ് യുദ്ധം.

141. ഖന്തഖ് യുദ്ധത്തിൽ മദീനക്ക് ചുറ്റും കിടങ്ങ് നിർമ്മിച്ചതിന്റെ സൂത്ര ധാരൻ ആരായിരുന്നു?
ഉ: ഹദ്റത്ത് സൽമാനുൽ ഫാരിസി(റ)

142. മദീനയുടെ സാക്ഷാൽ പേരെന്ത്?
ഉ: യസ്രിബ്

143. വി.ഖുർആനിൽ പേരെടുത്ത് പറഞ്ഞ നബി തിരുമേനിയുടെ സഹാബി ആര്? ഏത് സൂറത്തിൽ?
ഉ: ഹ. സൈദ്(റ)സൂറ: അഹ്സാബ്(33:88)

144. നബി തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് വിശേഷിപ്പിത് ഏത് സൂറത്തിൽ? എത്രാമത്തെ ആയത്ത്?
ഉ: സൂറ: അഹ്സാബ്(33:41)

145. മുത്ത്അത്ത് എന്നാലെന്ത്?
ഉ: വിവാഹമോചനം ചെയ്യപ്പെടുന്ന സ്ത്രീക്ക് ഒരു തല്ക്കാല ആശ്വാ സമെന്ന നിലയിൽ ഭർത്താവ് നല്കേണ്ടുന്ന വിഭവം.

146. സൈനബ്(റ)മായുള്ള നബിതിരുമേനിയുടെ വിവാഹത്തെയും അതിന്റെ സന്ദർഭത്തെയും കുറിച്ചുള്ള പരാമർശം ഏത് സൂറ ത്തിൽ?
ഉ: സൂറ. അഹ്സാബ്

147. ആദം നബി (അ)ന്റെ രണ്ട് പുത്രന്മാരുടെ പേരുകൾ?
ഉ: ഹാബേൽ, ഖാബേൽ

148. നൂഹ് നബിയുടെ കപ്പലിന്റെ അവശിഷ്ടം എവിടെ സ്ഥിതി ചെയ്യു ന്നുവെന്നാണ് കരുതപ്പെടുന്നത്?
ഉ: അർമേനിയയിലെ ജൂദി പർവ്വതനിരയിൽ

149. 'അബുൽ ബശർ' എന്ന അപരനാമമുള്ള പ്രവാചകനാര്?
ഉ: ആദം നബി (അ)

150. ലൂത്ത് നബിയുടെ ജനതയിൽ നടമാടിയിരുന്ന അതിനീചമായ കൃത്യം എന്തായിരുന്നു?
ഉ: സ്വവർഗ്ഗരതി

151. യഅ്ഖൂബ് നബിക്ക് എത്ര സന്തതികളുണ്ടായിരുന്നു? ഇളയമ

കന്റെ പേരെന്ത്?

ഉ: 12 മക്കൾ. ബിൻയാമീൻ

152. മൂസാനബിയുടെ പിതാവിന്റെ പേരെന്ത്?

ഉ: ഇംറാൻ

153. ഈജിപ്തിലെ ഭരണാധികാരിയായിത്തീർന്ന പ്രവാചകനാര്?

ഉ: യൂസുഫ് നബി(അ)

154. 'ബഹീറ' എന്നാലെന്ത്?

ഉ: ബിംബത്തിന്ന് നേർച്ചയാക്കിയ കാത് മുറിച്ച പെണ്ണൊട്ടകം?

155. അഹ്സാബ് യുദ്ധത്തിന് ആ പേർ വരാൻ കാരണം?

ഉ: ഇസ്‌ലാമിന്നെതിരിൽ ശത്രുക്കളെല്ലാം കൂടി ഒരു സഖ്യകക്ഷി ഉണ്ടാക്കിയത് കൊണ്ട്.

156. ആയത്തുദ്ദൈൻ ഏത് സൂറത്തിൽ? എത്രാമത്തെ സൂക്തം?

ഉ: സൂറ: ബഖറ. 283

157. ത്വായിഫിൽ നിന്ന് മടങ്ങി വരുമ്പോൾ തിരുമേനിയുടെ ഖുർആൻ പാരായണം 'ജിന്നു' കൾ (ഒരു കൂട്ടം യഹൂദികൾ) കേൾക്കുകയും സത്യവിശ്വാസം സ്വീകരിക്കുകയും ചെയ്ത സന്ദർഭം ഖുർആൻ വിവരിക്കുന്നുണ്ട്. ഇത് ഏത് സൂറത്തിൽ? എവിടെ വെച്ചായിരുന്നു സംഭവം?

ഉ: സൂറ: അഹ്ഖാഫ്, നഖ്ല എന്ന സ്ഥലത്തു വെച്ച്.

158. വി. ഖുർആൻ സക്കാത്തിനോട് ചേർത്ത് നമസ്കാരത്തെക്കുറിച്ച് എത്ര സ്ഥലത്ത് പ്രതിപാദിക്കുന്നുണ്ട്?

ഉ: 82

159. 'പിശാച് ബാധയേറ്റവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല' വി.ഖുർആൻ ആരെക്കുറിച്ചാണ് ഇപ്രകാരം പറയുന്നത്?

ഉ: പലിശ വാങ്ങുന്നവരെക്കുറിച്ച്

160. 'മിനുസമായ പാറ, അതിൽ കുറച്ച് മണ്ണ്. പേമാരിയേറ്റപ്പോൾ വെടിപ്പായ പാറ മാത്രം അവശേഷിച്ചു.' ഇങ്ങനെ ഖുർആൻ വിശേഷിപ്പിച്ചത് എന്തിനെപ്പറ്റി?

ഉ: ജനങ്ങളെ കാണിക്കാൻവേണ്ടി ദൈവമാർഗ്ഗത്തിൽ ചെലവഴിക്കുന്നവരെക്കുറിച്ച്.

161. 'മനുഷ്യർക്ക് അഹോ കഷ്ടം! അവർ പരിഹസിക്കാത്ത ഒരു പ്രവാചകനും അവരുടെ അടുക്കൽ വരുന്നില്ല.' വി.ഖുർആന്റെ ഈ പ്രഖ്യാപനം ഏത് സൂറത്തിൽ?
ഉ: സൂറ: യാസീൻ(36:31)

162. നരകത്തിന്റെ അടിത്തട്ടിൽ ഉല്പാദിപ്പിക്കപ്പെട്ട വൃക്ഷത്തിന് വി. ഖുർആൻ എന്ത് പേര് പറയുന്നു?
ഉ: ശജറത്തുസ്സഖൂം.

163. പ്രവാചകത്വത്തിലും രാജത്വത്തിലും ദാവൂദ് നബിയുടെ അനന്തരാവകാശി ആരായിരുന്നു?
ഉ: സുലൈമാൻ നബി

164. 'അലൈസല്ലാഹു ബികാഫിൻ അബ്ദഹു' ഈ ഖുർആൻ വാക്യത്തിന്റെ അർത്ഥമെന്ത്? ഏത് സൂറത്തിൽ?
ഉ: അല്ലാഹു തന്റെ ദാസന്ന് മതിയായവനല്ലെ! സൂറ: സുമർ(39:37)

165. അല്ലാഹുവിന്ന് കല്പിക്കേണ്ടുന്ന യഥാർത്ഥ നിലപാടും മഹത്വവും അവർ കല്പിച്ചില്ല (മാ ഖദറുല്ലാഹ ഹഖ്ഖ ഖദ്‌രിഹി) ഈ ആയത്ത് ഏതെല്ലാം സൂറത്തുകളിൽ ആവർത്തിക്കപ്പെട്ടിട്ടുണ്ട്?
ഉ: സൂറ: അൻആം 92, സൂറ: ഹജ്ജ് 75, സൂറ: സുമർ 68

166. നബി തിരുമേനിയെ തന്റെ ദൗത്യത്തിൽനിന്ന് പിന്തിരിപ്പിക്കാനായി ഖുറൈശികൾ നിയോഗിച്ച ഉത്ത്ബത്തിബ്നു റബീഅക്ക് മാനസാന്തരം വന്നത് നബി തിരുമേനി ഓതി കേൾപ്പിച്ച ഏത് സൂറത്തിലെ വരികളായിരുന്നു?
ഉ: ഹാമീം സജദയിലെ ആദ്യത്തെ 13 വചനങ്ങൾ.

167. ഹാമീം സജദയുടെ മറ്റൊരു പേര്?
ഉ: സൂറ: ഫുസ്സിലത്ത്

168. സൂറ: മുഹമ്മദിന്റെ മറ്റൊരു പേര്?
ഉ: സൂറത്തുൽ ഖിതാൽ

169. എന്താണ് ബയ്അത്തുർരിള്‌വാൻ?

ഉ: ഹിജ്റ ആറാം വർഷം ഉംറയ്ക്കുപോയ നബിയോടൊപ്പമുണ്ടായിരുന്ന 1500 ഓളം വരുന്ന അനുചരന്മാർ ഹുദൈബിയായിലെ രിള്വാൻ എന്ന മരച്ചുവട്ടിൽവെച്ച് ചെയ്ത ഒരു പ്രതിജ്ഞ.

170. ബയ്അത്തുർരിള്വാൻ ചെയ്യാനുണ്ടായ കാരണം എന്ത്?
ഉ: ഹുദൈബിയാ സന്ധി വ്യവസ്ഥകളുമായി മക്കയിലേക്ക് നബി (സ) അയച്ച ഉസ്മാനെ മക്കക്കാർ തടഞ്ഞുവെച്ചതിനാൽ അദ്ദേഹം കൊല്ലപ്പെട്ടു എന്ന കിംവദന്തി പരന്നപ്പോഴാണ് ആ വധത്തിന് പ്രതികാരം ചെയ്യാൻവേണ്ടി, മരിക്കുവോളം യുദ്ധം ചെയ്യാൻ തങ്ങൾ ഓരോരുത്തരും തയ്യാറാണെന്ന് സഹാബിമാർ നബിയോട് പ്രതിജ്ഞ ചെയ്തത്.

171. മുഹമ്മദുർ റസൂലുല്ലാഹി എന്ന് ഖുർആനിൽ എത്ര പ്രാവശ്യം വന്നിട്ടുണ്ട്. ഏത് സൂറത്തിൽ?
ഉ: ഒരു പ്രാവശ്യം. സൂറ: ഫത്ഹ്

172. യാ അയ്യുഹല്ലദീന ആമനൂ എന്ന സംബോധന കൊണ്ട് ആരംഭിക്കുകയും ഇടക്കിടെ ആ സംബോധന ആവർത്തിക്കുകയും ചെയ്യുന്ന സൂറത്തേത്?
ഉ: സൂറ: ഹുജൂറാത്ത്

173. പരദൂഷണം നടത്തുന്നതിനെ വി. ഖുർആൻ ഏതിനോടാണ് ഉപമിച്ചിരിക്കുന്നത്?
ഉ: മരിച്ചുപോയ തന്റെ സഹോദരന്റെ പച്ചയിറച്ചി തിന്നുന്നതിനോട്.

174. മനുഷ്യന്ന് നാം അവന്റെ കണ്ഠനാഡിയേക്കാൾ അടുത്തവനത്രെ എന്ന് അല്ലാഹു ഏത് സൂറത്തിലാണ് പറയുന്നത്?
ഉ: സൂറ: ഖാഫ്(50:17)

175. സൂറ: റഹ്മാനിൽ 'ഫബി അയ്യി ആലായി റബ്ബിക്കുമാതുകദ്ദിബാൻ' 'എന്ന് എത്ര പ്രാവശ്യം ആവർത്തിക്കപ്പെട്ടിട്ടുണ്ട്?
ഉ: 31 പ്രാവശ്യം

176. പ്രസ്തുത വചനം കേൾക്കുമ്പോൾ നാം എന്താണ് ചൊല്ലേണ്ടത്?
ഉ: ലാ ബിശൈയിൻ മ്മിന്നിഅ്മതിക നുകദ്ദിബു റബ്ബനാലകൽ ഹംദ്

177. മുസബ്ബിഹാത് എന്നാലെന്ത്? അവ ഏതെല്ലാം?

ഉ: ബിസ്മില്ലായ്ക്കുശേഷം തസ്ബീഹിന്റെ വാക്കുകൾ കൊണ്ടാരംഭിക്കുന്ന സൂറത്തുകൾ? സൂറ: ഹദീദ്, ഹശ്ർ, സഫ്ഫു, ജുമുഅ, തഗാബുൻ

178. ഭാര്യയെ സ്വന്തം മാതാവാണെന്ന് പറഞ്ഞ് അവളിൽ നിന്നകന്ന് നില്ക്കുന്ന ഒരു ദുസ്സമ്പ്രദായം ജാഹിലിയ്യാ കാലത്ത് നിലവിലുണ്ടായിരുന്നു. അതിന്റെ പേരെന്ത്?
ഉ: ളിഹാർ

179. "തന്റെ ഭർത്താവിനെ സംബന്ധിച്ച് നിന്നോട് വാദിക്കുകയും അല്ലാഹുവിങ്കൽ ആവലാതി ബോധിപ്പിക്കുകയും ചെയ്യുന്നവളുടെ വാക്ക് അല്ലാഹു കേട്ടിട്ടുണ്ട്." സൂറ: മുജാദലയിലെ ഈ ആദ്യത്തെ വചനത്തിൽ പരാമർശിച്ചിട്ടുള്ള സ്ത്രീ ആര്?
ഉ: ഔസിബ്നു സ്വാമിത്തിന്റെ ഭാര്യ ഖൗല

180. സുനൻ എന്താലെന്ത്?
ഉ: സുനനു അബീദാവുദ്, സുനനു നസായി, സുനനു ഇബ്നുമാജാ, സുനനു ദാരിമി എന്നീ ഹദീസുഗ്രന്ഥങ്ങൾ

181. സൂറത്തുൽ ഹശ്റിലെ പ്രധാന പ്രതിപാദ്യ വിഷയമെന്ത്?
ഉ: ബനൂനളീർ എന്ന യഹൂദി ഗോത്രത്തെ മദീനയിൽനിന്ന് നാടുകടത്തിവിട്ട സംഭവം.

182. ഗനീമത്തും ഫൈഉം തമ്മിലുള്ള വ്യത്യാസമെന്ത്?
ഉ: യുദ്ധം നിമിത്തം ലഭിക്കുന്ന സ്വത്തുക്കളാണ് ഗനീമത്ത് എന്നാൽ ശത്രുക്കളുമായി ഏറ്റുമുട്ടലോ പടവെട്ടലോ ഇല്ലാതെ അല്ലാഹു അവന്റെ റസൂലിന് കൈവരുത്തിക്കൊടുക്കുന്നതാണ് ഫൈഉ്.

183. എല്ലാ ആയത്തുകളും 'മീം' എന്ന അക്ഷരത്തിൽ അവസാനിക്കുന്ന സൂറത്തേത്?
ഉ: സൂറ: മുഹമ്മദ്

184. തൗറാത്തിന്റെ ഉള്ളടക്കം ഗ്രഹിക്കുവാനോ അതിലെ അധ്യാപനങ്ങൾ ഉൾക്കൊള്ളുവാനോ ശ്രദ്ധിക്കാതിരുന്ന യഹൂദരെ അല്ലാഹു ഏതിനോടാണ് ഉപമിച്ചിരിക്കുന്നത്?
ഉ: ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയോട്

185. "അല്ലയോ നബിയേ, അല്ലാഹു നിനക്ക് അനുവദനീയമാക്കിത്ത

ന്നതിനെ നി എന്തിന് നിഷിദ്ധമാക്കുന്നു!" ഈ വചനം ഏത് സൂറ ത്തിൽ. ഏതാണ് അനുവദനീയമാക്കപ്പെട്ട ആ വസ്തു?

ഉ: സൂറ: തഹ്‌രീം. തേൻ

186. അവിശ്വസിച്ചവരേയും വിശ്വസിച്ചവരേയും അല്ലാഹു ഈ രണ്ട് സ്ത്രീകളോട് ഉപമിച്ചിരിക്കുന്നു? അവർ ആരൊക്കെ? ഏത് സൂറ ത്തിൽ?

ഉ: അവിശ്വസിച്ചവരെ നൂഹ്(അ) ന്റെയും ലൂത്ത് (അ)ന്റെയും ഭാര്യ മാരോടും സത്യവിശ്വാസികളെ ഫിർഔന്റെ ഭാര്യയോടും ഈസാ നബിയുടെ മാതാവിനോടും. സൂറ: തഹ്‌രീം.

187. നൂഹ്നബിയുടെ ജനത ആരാധിച്ചു വന്നിരുന്നതും ഖുർആനിൽ പേരെടുത്ത് പറഞ്ഞിട്ടുള്ളതുമായ 'ദൈവങ്ങൾ' ഏതൊക്കെ?

ഉ: വദ്ദ്, സുവാള്, യഗൂസ്, യഊഖ്, നസ്ർ

188. നബി(സ)യിൽനിന്ന് ഖുർആൻ കേട്ടപ്പോൾ അത് ദിവ്യവചനം തന്നെയാണെന്ന് ബോധ്യം വന്നെങ്കിലും ജനങ്ങളെ തൃപ്തിപ്പെടു ത്താനായി മനസ്സാക്ഷി പണയപ്പെടുത്തി ഖുർആൻ മനുഷ്യനിർമ്മി തമാണെന്ന് പ്രഖ്യാപിച്ച നീചനായ വ്യക്തിയാര്?

ഉ: വലീദുബ്നു മുഗീറ

189. പ്രസ്തുത സംഭവം വി.ഖുർ ആനിൽ ഏത് സൂറത്തിലാണ് വിവ രിക്കുന്നത്?

ഉ: സൂറ: മുദ്ദസിർ

190. സൂറ: അബസയിൽ പരാമർശിക്കുന്ന നബിതിരുമേനിയുടെ അടു ക്കൽ വന്ന അന്ധനായ സഹാബി ആരായിരുന്നു?

ഉ: അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂം(റ)

191. വി.ഖുർആനെക്കുറിച്ച് 'വിശുദ്ധരായവരല്ലാതെ അത് സ്പർശിക്കു കയില്ല' എന്ന് പറഞ്ഞത് ഏത് സൂറത്തിലാണ്?

ഉ: സൂറ: വാഖിഅ(56:8.)

192. തസ്നീം എന്നാലെന്ത്?

ഉ: ദൈവസാമീപ്യം സിദ്ധിച്ചവർ കുടിക്കുന്ന സ്വർഗ്ഗത്തിലെ ഒരു ഉറവ് ജലം.

193. ഹിജ്റ മുതൽ വർഷാരംഭം നിർണ്ണയിക്കുന്ന പതിവിന്ന് മുമ്പേ അറ

ബികൾ കൊല്ലം നിർണ്ണയിച്ചിരുന്നത് ഏത് സംഭവത്തെ ആസ്പദമാക്കിയായിരുന്നു?

ഉ: അബ്റഹത്ത് കഅ്ബ പൊളിക്കാൻ വന്ന സന്ദർഭം; ഗജവർഷം അഥവാ ആനക്കലഹ വർഷം എന്ന പേരിൽ

194. അബ്റഹത്ത് ഏതു രാജ്യത്തെ ഗവർണ്ണറായിരുന്നു?

ഉ: യമൻ

195. അബൂ ലഹബിന്റെ സാക്ഷാൽപേര്?

ഉ: അബ്ദുൽ ഉസ്സാ

196. സൂറത്തുൽ ഇഖ്ലാസിന്റെ മറ്റ് 3 പേരുകൾ എന്തെല്ലാം?

ഉ: സൂറത്തുൽ അസാസ്, തൗഹീദ്, മഅ്രിഫ

197. സക്രിയ്യാനബിയുടെ പ്രവാചകനായ പുത്രൻ?

ഉ: യഹ്യാനബി

198. ഹ.അബൂബക്കർ(റ)ന്റെ കാലത്ത് ക്രോഢീകരിക്കപ്പെട്ട ഖുർആന്റെ കോപ്പി മരണംവരെ ഹദ്റത്ത് അബൂബക്കറും പിന്നീട് ഹദ്റത്ത് ഉമർ (റ) ഉം കൈവശം വച്ചു. പിന്നീട് ആരുടെ പക്കലായിരുന്നു അത് സൂക്ഷിച്ചത്?

ഉ: പ്രവാചകപത്നി ഹദ്റത്ത് ഹഫ്സ(റ)യുടെ വശം

199. വി.ഖുർആൻ മനഃപാഠമാക്കിയ നിരവധി സഹാബികൾ കൊല്ലപ്പെട്ട യുദ്ധമേത്?

ഉ: കള്ളപ്രവാചകന്നെതിരിൽ യമാമയിൽവെച്ച് നടന്ന യുദ്ധത്തിൽ

200. സുനൻ ഇബ്നുമാജായുടെ കർത്താവാര്?

ഉ: മുഹമ്മദ് ബിൻ യസീദ് ബിൻ മാജാ ഖുസ്ദീനീ (209-273)

201. അല്ലാഹുവിന്റെ സവിശേഷനാമമായ റഹ്മാൻ എന്ന പദവുമായി ബന്ധപ്പെട്ട ഒരു പദമാണ് ഗർഭാശയത്തിന് ഖുർആൻ ഉപയോഗിച്ചത്? ആ പദം ഏത്?

ഉ: അർഹാം (റിഹം)

202. ഖലീഫ ഉസ്മാൻ(റ)ന്റെ കാലത്തുള്ള ഖുർആൻ പകർപ്പിലുള്ള എഴുത്ത് ശൈലിക്ക് പറയുന്ന പേരെന്ത്?

ഉ: റസ്മ് ഉസ്മാനി

203. ഖുർആനിൽ പ്രവാചകന്മാരുടെ പേരിലുള്ള എത്ര സൂറത്തുക ളുണ്ട്? അവ ഏവ?
ഉ: ആറെണ്ണം. മുഹമ്മദ്, ഇബ്റാഹീം, നൂഹ്, യുനുസ്, യൂസുഫ്, ഹൂദ്

204. നബി തിരുമേനിക്കുണ്ടായ ഒരു അത്ഭുതകരമായ ആത്മീയ ദർശ നമാണ് 'മിഅ്റാജ്' ഇതിനെപ്പറ്റിയുള്ള പരാമർശമടങ്ങുന്ന സൂറ ത്തേത്?
ഉ: സൂറ: അന്നജ്മ്

205. 'യാബുനയ്യർകബ് മഅനാ' ഇത് ആർ ആരോട് പറഞ്ഞ വാക്കുക ളാണ്?
ഉ: നൂഹ് നബി(അ)തന്റെ മകനോട്.

206. ബൽഅംബഊറ ഏത് പ്രവാചകന്റെ കാലത്ത് ജീവിച്ച ആളായി രുന്നു?
ഉ: മുസാനബിയുടെ

207. കാനാ യഅ്കുലാനിത്തആമ (അവർ രണ്ടുപേരും ഭക്ഷണം കഴിക്കാറുണ്ടായിരുന്നു.) ഖുർആനിലുള്ള ഈ പരാമർശം ആരെ പ്പറ്റിയാണ്?
ഉ: ഈസാനബിയേയും മാതാവിനേയും

208. സുനൻ നസായിയുടെ കർത്താവാര്?
ഉ: അഹ്മദ് ബിൻ ശുഐബുന്നസായി

209. നോമ്പ് എന്നതിന്റെ അറബി വാക്കെന്ത്? അതിന്റെ അർത്ഥമെന്ത്?
ഉ: സൗം= തടഞ്ഞ് നിൽക്കുക

210. മദ്യൻ ആരുടെ മകനാണ്?
ഉ: ഇബ്റാഹീം നബിയുടെയും അദ്ദേഹത്തിന്റെ മൂന്നാമത്തെ ഭാര്യ ഖത്തൂറയുടെയും.

211. ബലദുൽ അമീൻ എന്ന് വിശേഷിപ്പിച്ചത് ഏതിനെയാണ്?
ഉ: മക്കാപട്ടണം

212. 'നിങ്ങൾക്ക് മീതെക്കൂടിയും താഴെക്കൂടിയും അവർ നിങ്ങൾക്കെ തിരെ വന്ന സന്ദർഭം. ദൃഷ്ടികൾ പതറുകയും ഹൃദയങ്ങൾ കണ്ഠ

നാളങ്ങളിലെത്തുകയും അവർ അല്ലാഹുവിനെക്കുറിച്ച് പലതും ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്ത സന്ദർഭം' വി.ഖുർആനിലെ ഈ വിവരണം ഏത് സൂറത്തിൽ? ഏത് സന്ദർഭത്തെക്കുറിച്ച്?
ഉ: സൂറ. അഹ്സാബ്. ഖന്തഖ് യുദ്ധം

213. സൂറ: അത്തീനിലെ 'അലൈസല്ലാഹു ബി അഹ്കമിൽ ഹാക്കിമീൻ' എന്ന് കേൾക്കുമ്പോൾ നാം എന്താണ് ചൊല്ലേണ്ടത്?
ഉ: ബലാ വ അന അലാദാലിക്ക മിനശ്ശാഹിദീൻ.

214. ദാവൂദ് നബി യുവാവായിരിക്കേ പരാജയപ്പെടുത്തിയ ഒരു രാജാവിനെ വി. ഖുർആൻ നമുക്ക് പരിചയപ്പെടുത്തുന്നുണ്ട്? എന്താണ് ആ രാജാവിന്റെ പേര്?
ഉ: ജാലൂത്ത്

215. വി.ഖുർആന് മുസ്ഹഫ് എന്ന പേര് വന്നത് ഏത് വാക്കിൽ നിന്നാണ്?
ഉ: ഏടുകൾ എന്നർത്ഥം വരുന്ന സഹീഫ്

216. 'കുല്ലു നഫ്സിൻ ദായിക്കതുൽമൗത്' (എല്ലാ ഓരോരുത്തരും മരണം രുചിക്കുന്നതാണ്) ഈ ആയത്ത് വി.ഖുർആനിൽ ഏതെല്ലാം സൂറത്തുകളിൽ ആവർത്തിക്കപ്പെട്ടിട്ടുണ്ട്?
ഉ: സൂറ മായിദ(3:186)സൂറ: അമ്പിയാഅ്(21:36) സൂറ:അങ്കബൂത്ത്(29:58)

217. മാതാപിതാക്കൾക്ക് വേണ്ടിയുള്ള 'റബ്ബിർഹം ഹുമാകമാ റബ്ബയാനീ സഗീറ' എന്ന ദുആ ഏത് സൂറത്തിൽ?
ഉ: സൂറ: ബനീഇസ്റായീൽ

218. ഞാൻ അല്ലാഹു എല്ലാം അറിയുന്നവൻ എന്നർത്ഥം വരുന്ന മുഖത്തആത് ഏത്?
ഉ: അലീഫ് ലാം മീം

219. 'ഹാദാ മിൻ ഫള്‌ലീ റബ്ബീ' ഇത് ആരുടെ വാക്കുകളായാണ് വി. ഖുർആൻ രേഖപ്പെടുത്തിയിട്ടുള്ളത്?
ഉ: സുലൈമാൻ നബിയുടെ

220. 'റബ്ബിജ്അൽനീ മുഖീമസ്സലാത്തീ വമിൻദുർറിയ്യത്തീ' ഈ പ്രാർത്ഥന ആർ നടത്തിയതാണ്?

ഉ: ഇബ്റാഹീം നബി (അ)

221. സത്യവിശ്വാസികൾക്ക് വി.ഖുർആൻ വിധിച്ചിരിക്കുന്ന 'കിതാബുൻ മൗകൂത്' എന്താണ്?
ഉ: നമസ്കാരം

222. ദുൽഔതാദ് എന്ന് വി.ഖുർആൻ ആരെ വിശേഷിപ്പിക്കുന്നു?
ഉ: ഫിർഔനെ

223. നബി തിരുമേനിയെ റഹ്മത്തുൻല്ലിൽ ആലമീൻ എന്ന് വിശേഷിപ്പിച്ചത് ഏത് സൂറത്തിൽ?
ഉ: സൂറ: അമ്പിയാഅ് (21:108)

224. അലസത കാരണം തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാതിരുന്നതിന്റെ പേരിൽ ശിക്ഷക്ക് വിധേയരായ 3 സഹാബികൾ?
ഉ: കഅബ്, മുറാററത്ത്, ഹിലാൽ

225. പ്രസ്തുത 3 പേരുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്?
ഉ: 40 ദിവസത്തെ നിസ്സഹകരണം

226. ബിസ്മില്ലാ ഒഴിച്ച് എല്ലാ സൂക്തങ്ങളും 'ഹാ' എന്നവസാനിക്കുന്ന സൂറത്തേത്?
ഉ: സൂറ: അശ്ശംസ്

227. 'അങ്ങനെ അദ്ദേഹം തന്റെ റബ്ബിനോട് മാപ്പിരന്നു സുജൂദിൽ വീണു' ഏത് പ്രവാചകനെക്കുറിച്ചാണ് ഖുർആൻ ഇപ്രകാരം പറയുന്നത്?
ഉ: ദാവൂദ് നബി(അ)

228. വി.ഖുർആന്റെ ആദ്യത്തെ കയ്യെഴുത്ത്പ്രതി എഴുതിയതാര്?
ഉ: ഹ.ഉസ്മാൻ(റ)

229. ബിസ്മില്ലാ ഒഴിച്ച് എല്ലാ ആയത്തുകളും 'സീൻ' എന്ന അക്ഷരത്തിലവസാനിക്കുന്ന സൂറത്തേത്?
ഉ: സൂറ: അന്നാസ്

230. ബിസ്മില്ലാ ഒഴിച്ച് എല്ലാ സൂക്തങ്ങളും 'ദാൽ' എന്ന അക്ഷരത്തിലെവസാനിക്കുന്ന സൂറത്തേത്?
ഉ: സൂറ: ഇഖ്‌ലാസ്

231. സൂറ: അർറഹ്മാനിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ആഭരണത്തിന്നുപയോഗിക്കുന്ന 2 സമുദ്രോല്പന്നങ്ങൾ ഏതൊക്കെ?
ഉ: ലുഅ്ലുഅ്, മർജാൻ(മുത്ത്, പവിഴം)

232. 18 പ്രവാചകന്മാരെ ഒന്നിച്ച് പേരെടുത്ത് പറഞ്ഞത് ഏത് സൂറത്തിലാണ്?
ഉ: സൂറ:അൻആം (6: 84–87)

233. അറബി അക്ഷരമാലയിലെ ഒരക്ഷരം പേരായി വരുന്ന എത്ര സൂറത്തുകളുണ്ട്? അവ ഏവ?
ഉ: രണ്ടെണ്ണം. സൂറ: സ്വാദ്, ഖാഫ്

234. "തെളിഞ്ഞ് കാണാവുന്ന ഒമ്പത് ദൃഷ്ടാന്തങ്ങൾ നാം അദ്ദേഹത്തിന് നൽകി" ഏത് പ്രവാചകനായിരുന്നു ഇത്?
ഉ: മൂസാനബി(അ)

235. തിന്മകൾക്ക് തുല്ല്യമായ പ്രതിഫലം നൽകുമ്പോൾ നന്മകൾക്ക് എത്ര ഇരട്ടി പ്രതിഫലം നൽകുമെന്നാണ് വി.ഖുർആൻ പറയുന്നത്?
ഉ: പത്തിരട്ടി.

236. ഇബ്ല്, ജമൽ, നാഖത്ത് ഇവ തമ്മിലുള്ള വ്യത്യാസം എന്ത്?
ഉ: ഒട്ടകം, വലിയ ആൺഒട്ടകം, പെൺഒട്ടകം.

237. ദജ്ജാലിന്റെ ഉപദ്രവത്തിൽനിന്ന് രക്ഷനേടാനായി ഏത് സൂറത്തിലെ വരികൾ ഉരുവിടാനാണ് നബി തിരുമേനി(സ) അരുൾ ചെയ്തത്?
ഉ: സൂറ: അൽകഹ്ഫിലെ ആദ്യത്തെ 10 വചനങ്ങൾ.

238. അതിനാൽ നിന്റെ ജഡത്താൽ നാം ഇന്ന് നിന്നെ രക്ഷപ്പെടുത്തുന്നു. നിന്റെ പിറകെയുള്ളവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കാൻ വേണ്ടി. (10:93) വി.ഖുർആന്റെ ഈ പ്രവചനം ആരെക്കുറിച്ചാണ്? പ്രവചനത്തിന്റെ പുലർച്ചയെന്ത്?
ഉ: മൂസാനബിയുടെ കാലത്തെ ഫിർഔനെക്കുറിച്ച്. 1881 ൽ ഈജിപ്തിലെ തീബ്സിൽവെച്ച് റംസീസ് രണ്ടാമൻ ഫറോവായുടെ മമ്മി കണ്ടെടുത്തു.

239. മസ്ജിദുൽ ഹറമിൽ നിന്ന് മസ്ജിദ് അഖ്സയിലേക്ക് നബിതിരു

മേനി നടത്തിയ നിശായാത്ര(ഇസ്റാഅ്)യെക്കുറിച്ചുള്ള പരാമർശം ഏത് സൂറത്തിൽ?
ഉ: സൂറ: ബനീ ഇസ്രായീൽ

240. ഖിലാഫത്തിനെക്കുറിച്ച് വാഗ്ദാനമടങ്ങുന്ന ഇസ്തിഖിലാഫിന്റെ ആയത്ത് ഏത് സൂറത്തിൽ?
ഉ: സൂറ: അന്നൂർ(24:56)

241. തുടർച്ചയായ 4 സൂക്തങ്ങളിൽ 'എന്റെ പിതാവേ' എന്ന അഭിസംബോധന ആവർത്തിച്ച് കൊണ്ട് ഒരു മകൻ തന്റെ പിതാവിനെ ഉപദേശിക്കുന്നുണ്ട്. ഏതാണ് ആ മകൻ? ഏത് സൂറത്തിൽ?
ഉ: ഹ. ഇബ്രാഹീം നബി(അ), സൂറ. മർയം

242 .'എന്റെ പ്രിയ മകനേ' എന്ന അഭിസംബോധന ആവർത്തിച്ചു കൊണ്ട് ഒരു പിതാവ് തന്റെ മകനെ ഉപദേശിക്കുന്നതായി വി. ഖുർആൻ പറയുന്നു. ആരാണ് ആ പിതാവ്?
ഉ: ഹ. ലുഖ്മാൻ

243. അഗ്നിമയമായ ന്യായപ്രമാണം എന്ന് വി.ഖുർആനെ വിശേഷിപ്പിച്ച ഗ്രന്ഥം ഏത്?
ഉ: ബൈബിൾ

244. ആരാണ് മുഅദ്ദിൻ? ആദ്യത്തെ മുഅദ്ദിൻ ആര്?
ഉ: ബാങ്ക് വിളിക്കുന്ന ആൾ, ഹദ്റത്ത് ബിലാൽ(റ)

245. ബാങ്ക് എന്ന വാക്ക് ഏത് ഭാഷയിൽനിന്ന് വന്നതാണ്? അതിന്റെ അർത്ഥമെന്ത്?
ഉ: പേർഷ്യൻ ഭാഷയിൽനിന്ന്. ശബ്ദം എന്നർത്ഥം

246. സലാത്തുൽ ഖുസൂഫ് എന്താണ്?
ഉ: ഗ്രഹണനമസ്കാരം

247. ഗ്രഹണ നമസ്കാരത്തിന്റെ പ്രത്യേകതയെന്ത്?
ഉ: ഓരോ റക്അത്തിലും 2 റുക്കൂഉകൾ വീതം ഉണ്ട്.

248. ഖസറും ജംഉം ആക്കാൻ പാടില്ലാത്ത നമസ്ക്കാരമേത്?
ഉ: സുബ്ഹി

249. മസ്ജുദുന്നബിവ്വിയിൽ ബിലാൽ(റ)നെ കൂടാതെ ബാങ്ക് വിളിക്കാ

റുണ്ടായിരുന്ന മറ്റൊരു സഹാബി?
ഉ: അബ്ദുല്ലാഹിബ്നു ഉമ്മുമക്തൂം

250. പെരുന്നാൾ നമസ്കാരത്തിൽ ഓരോ തക്ബീറിന്നിടയിലും എന്താണ് ചൊല്ലേണ്ടത്?
ഉ: സുബ്ഹാനല്ലാഹി വൽഹംദുലില്ലാഹി ലാഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ

251. മുസ്ലീംകൾക്ക് 5 നേരത്തെ നമസ്കാരം നിർബന്ധമാക്കിയതെപ്പോൾ?
ഉ: മിഅ്റാജ് വേളയിൽ

252. പള്ളിയിൽ പ്രവേശിക്കുമ്പോൾ പള്ളിയെ അഭിവാദനം ചെയ്ത് കൊണ്ട് 2 റക്അത്ത് നമസ്കരിക്കുന്നതിനെ എന്ത് പറയുന്നു?
ഉ: തഹിയ്യത്ത് നമസ്കാരം

253. ഏതിനെക്കുറിച്ചാണ് നബി തിരുമേനി വിശ്വാസത്തിന്റെ പകുതിയാണെന്ന് പറഞ്ഞത്?
ഉ: ശുചിത്വം

254. നബി(സ) രോഗശയ്യയിലായിരിക്കെ ഒരിക്കൽ സമീപത്തുനിന്ന പുത്രി ഫാത്വിമയോട് രണ്ട് തവണ പതിഞ്ഞസ്വരത്തിൽ സംസാരിച്ചു. ആദ്യതവണ അവർ കരഞ്ഞു. രണ്ടാംതവണ ചിരിച്ചു. എന്തായിരുന്നു നബി (സ) അവരോട് പറഞ്ഞത്?
ഉ: ആദ്യം പറഞ്ഞത് ആ രോഗത്തിൽതന്നെ താൻ മരിക്കുമെന്ന്. പിന്നീട് പറഞ്ഞത് തന്റെ കുടുംബത്തിൽനിന്നും ആദ്യമായി തന്റെടയടുക്കൽ വന്നുചേരുക ഫാത്വിമയായിരിക്കുമെന്ന്.

255. കഫ്ഫാറ നോമ്പ് എന്നാലെന്ത്?
ഉ: കല്പന ലംഘിക്കുകയോ ഏതെങ്കിലും ഫർള് നിർവ്വഹിക്കേണ്ടിടത്ത് നിർവ്വഹിക്കാതിരിക്കുകയോ ചെയ്താൽ പ്രായശ്ചിത്തമായി എടുക്കേണ്ടുന്ന നോമ്പ്.

256. നോമ്പുകാർക്ക് പ്രത്യേകമായുള്ള സ്വർഗ്ഗകവാടത്തിന്റെ പേരെന്ത്?
ഉ: റയ്യാൻ

257. പണത്തിന്റെയും കാർഷിക ഉല്പന്നങ്ങളുടെയും സക്കാത്തിന്റെ വിഹിതം എത്ര?

ഉ: പണത്തിനു 21/2 ശതമാനവും കാർഷിക ഉല്പന്നങ്ങൾക്ക് 10 ശതമാനവും

258. നിസാബ് എന്നാലെന്ത്?
ഉ: സ്കാത്ത് നിർബന്ധമായിത്തീരുവാൻ ഓരോ ഇനത്തിലും ഉണ്ടായിരിക്കേണ്ട നിർണ്ണിത പരിധി.

259. ഹജ്ജോ ഉംറയോ ഉദ്ദേശിച്ച് യാത്ര ചെയ്യുന്നയാൾ നിശ്ചിത സ്ഥലത്തെത്തുമ്പോൾ ഇഹ്റാമിൽ പ്രവേശിക്കേണ്ടതാണ്. പ്രസ്തുത സ്ഥലത്തിന് എന്തു പറയുന്നു?
ഉ: മീഖാത്ത്

260. ഹജ്ജ് മാസം നമസ്കാരത്തിന് ശേഷമുള്ള തക്ബീർ ചൊല്ലേണ്ടത് ഏത് മുതൽ ഏത് വരെ?
ഉ: ദുൽഹജ്ജ് 9 സുബ്ഹി മുതൽ 13 അസർ വരെ.

261. ത്വവാഫ് ചെയ്യുമ്പോൾ കഅ്ബ ഏത് ഭാഗത്തായിരിക്കണം?
ഉ: ഇടത്ത് ഭാഗത്ത്

262. കഅ്ബക്ക് എത്ര വാതിലുകളുണ്ട്?
ഉ: ഒരു വാതിൽ

263. അറഫാ ദിനം എന്നാണ്?
ഉ: ദുൽഹജ്ജ് 9

264. ഹജ്ജ് ചെയ്യുന്ന തീർത്ഥാടകർ എല്ലാവരും ഒന്നിച്ച് ഒരേസ്ഥലത്ത് സമ്മേളിച്ചിരിക്കേണ്ടത് എവിടെ? എപ്പോൾ?
ഉ: അറഫാ മൈതാനത്ത്. ദുൽഹജ്ജ് 9 ന്ന്

265. റവാത്തിബ് സുന്നത്ത് എന്നാലെന്ത്?
ഉ: ഓരോ ദിവസവും ആവർത്തിക്കുന്ന സുന്നത്ത് നമസ്കാരം.

266. ചെറിയ പെരുന്നാൾ ആഘോഷിക്കാൻ ദരിദ്രർക്ക് നൽകുന്ന സഹായധനത്തിന്ന് എന്ത് പറയുന്നു?
ഉ: ഫിത്റ് സക്കാത്ത്

267. വി.ഖുർആൻ കഴിഞ്ഞാൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന ആധികാരിക ഗ്രന്ഥമേത്?
ഉ: സഹീഹുൽ ബുഖാരി

268. ഇമാം ബുഖാരി എത്ര ഹദീസുകൾ സമാഹരിച്ചിട്ടുണ്ട്? അതിൽ ആധികാരികമായി കണക്കാക്കപ്പെടുന്നവ എത്ര?
ഉ: 4 ലക്ഷം. ആധികാരികമായവ 4000

269. ഇമാം ബുഖാരിയുടെ മുഴുവൻ പേര്?
ഉ: മുഹമ്മദ് ബിൻ ഇസ്മായീൽ ബുഖാരി (194-256)

270. ശൈഖൈൻ എന്ന് ആരെക്കുറിച്ച് പറയുന്നു?
ഉ: ഇമാം ബുഖാരിയും ഇമാം മുസ്ലിമും

271. ഇമാം അഹ്മദിബ്നു ഹമ്പൽ സമാഹരിച്ച ഹദീസ് ഗ്രന്ഥം ഏത് പേരിലറിയപ്പെടുന്നു?
ഉ: മുസ്നദ് അഹ്മദ്

272. ഇബ്നു മാജയുടെ ഹദീസ് സമാഹാരത്തിന്റെ പേരെന്ത്?
ഉ: സുനൻ ഇബ്നു മാജ

273. ഇസ്ലാമിലെ ഒന്നാമത്തെ ഹദീസ് ഗ്രന്ഥം ഏത്?
ഉ: ഹ. അംറിബ്നുൽആസിന്റെ അസ്സഹീഫതുസ്സാദിഖ

274. ഏറ്റവും കൂടുതൽ ഹദീസ് ഉദ്ധരിച്ച സഹാബി ആര്?
ഉ: അബൂ ഹുറയ്റ(റ)

275. മുത്തവാതിർ എന്നാലെന്ത്?
ഉ: കളവ് കടന്നുകൂടാൻ നിവൃത്തിയില്ലാത്തവിധം നിവേധകർ ഒരേ വിധത്തിൽ വിവിധ കാലങ്ങളിൽ നിവേദനം ചെയ്തിട്ടുള്ളവയാണ് മുത്തവാതിർ (അനുസ്യൂതം)

276. ഖുദ്സിയായ ഹദീസ് എന്നാലെന്ത്?
ഉ: അല്ലാഹു തന്നോട് പറഞ്ഞതായി നബി തിരുമേനി ഉദ്ധരിക്കുന്ന ഹദീസ്

277. ഹദീസ് ശാസ്ത്രത്തിൽ സനദ് എന്നാലെന്ത്?
ഉ: ഹദീസ് നിവേദനം ചെയ്യുന്ന നിവേദകരുടെ ശൃംഖല.

278. ഹിലാൽ എന്ന വാക്കിന്റെ അർത്ഥമെന്ത്?
ഉ: പിറവി ചന്ദ്രൻ

279. പുരുഷന് സ്ത്രീയെ വിവാഹമോചനം ചെയ്യുവാനുള്ള അവകാശ

മുള്ളത് പോലെ സ്ത്രീക്ക് പുരുഷനെ വിവാഹമോചനം ചെയ്യുവാനും ഇസ്ലാം അനുമതി നൽകുന്നുണ്ട്. ഇതിന്റെ പേരെന്ത്?
ഉ: ഖുലാ

280. മുസ്ലിംകളുടെ ഖിബ്ല ബൈത്തുൽ മുഖദ്ദസിൽനിന്ന് കഅ്ബയാക്കി മാറ്റിക്കൊണ്ടുള്ള അല്ലാഹുവിന്റെ കല്പന അവതരിച്ചതെപ്പോൾ? അത് പ്രാവർത്തികമാക്കിയത് എവിടെ വെച്ച്?
ഉ: ഹിജ്റ 2-ാം വർഷം ഖുബായിലെ പള്ളിയിൽവെച്ച്. ഈ പള്ളി മസ്ജിദ് ഖിബ്ലതൈൻ എന്ന പേരിലറിയപ്പെടുന്നു.

281. ഇസ്ലാമിൽ ഹജ്ജിന്റെ നിയമം അവതരിച്ചത് ഹിജ്റ എത്രാം വർഷം?
ഉ: 5-ാം വർഷം

282. മുസ്ലിംകൾക്ക് ഹജ്ജ് സാധ്യമായത് ഹിജ്റ എത്രാംവർഷം? ആരുടെ നേതൃത്വത്തിൽ?
ഉ: ഹിജ്റ 9-ാം വർഷം. ഹ.അബുബക്കർ(റ)ന്റെ നേതൃത്വത്തിൽ.

283. നബി തിരുമേനി എത്ര പ്രാവശ്യം ഹജ്ജ് ചെയ്തിരുന്നു.
ഉ: ഒരു പ്രാവശ്യം

284. ഹിജ്റക്ക് മുമ്പേ നബി തിരുമേനി എത്ര തവണ മദീനയിൽ പോയിരുന്നു? എപ്പോൾ?
ഉ: ഒരു തവണ. 6 വയസ്സുള്ളപ്പോൾ മാതാവിന്റെ കൂടെ. പിതാവിന്റെ ഖബർ സന്ദർശനാർത്ഥം

285. നബി തിരുമേനിയുടെ കാലത്ത് കഅ്ബയിൽ എത്ര വിഗ്രഹങ്ങളുണ്ടായിരുന്നു?
ഉ: 360

286. നബി തിരുമേനി ആദ്യമായി പങ്കെടുത്ത യുദ്ധമേത്? അന്ന് തിരുമേനിക്ക് എത്ര വയസ്സുണ്ടായിരുന്നു?
ഉ: ഫിജാർ യുദ്ധം, തിരുമേനിക്ക് 15 വയസ്സുള്ളപ്പോൾ

287. നബി തിരുമേനി ആദ്യമായി സാമൂഹികരംഗത്തിറങ്ങിയത് ഏത് സംഘടനയിലൂടെയായിരുന്നു?
ഉ: ഹൽഫുൽ ഫുളൂൽ

288. നബി തിരുമേനിയുടെ ജീവിതത്തിലെ ദുഃഖവർഷം ഏത്?
ഉ: ഹദ്റത്ത് ഖദീജാ(റ)യും അബൂത്വാലിബും വഫാത്തായ വർഷം.

289. ഹദ്റത്ത് ഖദീജാക്ക് ശേഷം തിരുമേനി വിവാഹം ചെയ്തത് ആരെയായിരുന്നു?
ഉ: ഹ. സൗദ(റ)

290. നബി തിരുമേനിയുടെ വിയോഗസമയത്ത് ഹ. ആയിശ(റ)ക്ക് എത്ര വയസ്സായിരുന്നു?
ഉ: 18 വയസ്സ്

291. ഹിറാ മലയുടെ മറ്റൊരു പേരെന്ത്?
ഉ: ജബൽ നൂർ

292. നബിതിരുമേനി ഹിജ്റ പോകുമ്പോൾ ഹ. അബൂബക്കറിനോടൊപ്പം ശത്രുക്കളുടെ കണ്ണിൽ പെടാതിരിക്കാൻ ഒളിച്ചിരുന്ന ഗുഹയുടെ പേരെന്ത്?
ഉ: സൗർ ഗുഹ

293. ഈ ഗുഹയെപ്പറ്റി വി.ഖുർആൻ പരാമർശിക്കുന്നുണ്ട്. ഏത് സൂറത്തിൽ? ഏത് ആയത്ത്?
ഉ: സൂറ: അത്തൗബ, "സാനി ഇസ്നൈനി ഇദ്ഹുമാ ഫിൽഗാർ"

294. നബി തിരുമേനിക്ക് ആദ്യം ജനിച്ച സന്താനം ആര്?
ഉ: ഖാസിം

295. ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ഭാര്യാപദം അലങ്കരിച്ച നബി തിരുമേനിയുടെ 2 മക്കൾ ആരൊക്കെ?
ഉ: ഹ. റുഖിയ്യയും അവരുടെ മരണശേഷം ഹ.ഉമ്മു കുൽസുവും

296. പ്രസ്തുത വിവാഹങ്ങൾ മൂലം ഹ. ഉസ്മാന് ലഭിച്ച വിശേഷണമെന്ത്?
ഉ: ദുന്നൂറൈൻ

297. ഇസ്ലാമിലെ ആദ്യത്തെ 2 രക്തസാക്ഷികൾ ആരൊക്കെ?
ഉ: അമ്മാർ(റ)ന്റെ മാതാപിതാക്കളായ യാസിറും സുമയ്യയും.

298. ഹ. ഖദീജാക്ക് ശേഷം നബി തിരുമേനിയുടെ ഭാര്യമാരിൽ ആദ്യം വഫാത്തായത് ആരായിരുന്നു?

ഉ: സൈനബ്(റ)

299. ബനൂ മുസ്തലഖ് ഗോത്രം ഒന്നടങ്കം ഇസ്‌ലാംമതം സ്വീകരിക്കാൻ ഇടയാക്കിയത് നബി തിരുമേനിയുടെ ആരുമായുള്ള വിവാഹമായിരുന്നു?
ഉ: ജുവൈരിയ(റ)

300. അബൂ സുഫിയാന്റെ മകൾ നബി തിരുമേനിയുടെ ഭാര്യാപദം അലങ്കരിക്കുകയുണ്ടായി. അവരുടെ പേരെന്ത്? ഈ വിവാഹം ആരുടെ സാന്നിധ്യത്തിലാണ് നടന്നത്?
ഉ: റംലത്ത് (ഉമ്മു ഹബീബ), ഹിജ്റ ഏഴാം വർഷം അംറിബ്നു ഉമയ്യത്തിനെ നബി(സ) ഹബ്ശയിലേക്കയച്ചു. അവിടത്തെ വക്കാലത്ത് പ്രകാരം നജ്ജാശി രാജാവിന്റെ കയ്യായി വിവാഹം നടന്നു. പിന്നീട് ശർറഹബീലിന്റെ കൂടെ അവർ മദീനയിലേക്ക് വന്നു.

301. നബി തിരുമേനി മരിക്കുമ്പോൾ എത്ര ഭാര്യമാർ ജീവിച്ചിരിപ്പുണ്ടായിരുന്നു?
ഉ: 9 പേർ

302. അബുലഹബും നബി തിരുമേനിയും തമ്മിലുള്ള ബന്ധമെന്ത്?
ഉ: നബിയുടെ പിതൃവ്യൻ

303. ആദ്യഖലീഫയായി അബൂബക്കർ സിദ്ദീഖിന്റെ പേര് നിർദ്ദേശിച്ചതും ആദ്യം ബയ്അത്ത് ചെയ്തതും ആരാണ്?
ഉ: ഉമർ ബിൻ ഖത്താബ്(റ)

304. ആദ്യമായി മുസ്‌ലിംകൾ ഹിജ്റ പോയത് എവിടേക്ക്? ഇത് നുബുവ്വത്തിന്റെ എത്രാം വർഷം?
ഉ: അബ്സീനിയായിലേക്ക്. 5-ാം വർഷം

305. മസ്ജിദുൽ അഖ്സ എവിടെ സ്ഥിതി ചെയ്യുന്നു?
ഉ: ജറുസലേമിൽ

306. ഹുദൈബിയാസന്ധിയിൽ ഒപ്പ് വെച്ചതാര്?
ഉ: നബി തിരുമേനിയും ഖുറൈശി പ്രമുഖനായ സുഹൈലും

307. മദീനാ മുസ്‌ലിംകൾക്ക് നിരന്തരഭീഷണിയായ ബനൂ നളീർ ഗോത്രത്തെ അടക്കി നിറുത്താൻ നബി തിരുമേനി നയിച്ച യുദ്ധം?

ഉ: ഖൈബർ യുദ്ധം

308. ശത്രുക്കളുടെ പാരിതോഷികം മോഹിച്ച് ഹിജ്റ വേളയിൽ നബി തിരുമേനിയേയും ഹ. അബൂബക്കർ(റ)നേയും പിന്തുടർന്ന വ്യക്തി?
ഉ: സുറാഖത്തിബ്നു മാലിക്

309. മദീനയിലേക്ക് ഹിജ്റ പോകുമ്പോൾ നബി തിരുമേനി ഉപയോഗിച്ച ഒട്ടകത്തിന്റെ പേര്?
ഉ: ഖസ്വാഅ്

310. നബി തിരുമേനിക്ക് ബനൂസഅ്ദ് ഗോത്രവുമായുള്ള ബന്ധമെന്ത്?
ഉ: നബി തിരുമേനിയുടെ പോറ്റുമ്മ ഹലീമാ ബീബീ ആ ഗോത്രക്കാരിയാണ്. തിരുമേനി തന്റെ ശൈശവകാലം കഴിച്ചുകൂട്ടിയത് അവർക്കിടയിലായിരുന്നു?

311. നബി തിരുമേനിയുടെ പ്രിയപുത്രി സൈനബയുടെ ദാരുണമായ കൊലപാതകത്തിനുത്തരവാദിയായ വ്യക്തിയാര്?
ഉ: ഹബ്ബാർ

312. മദീനയിലേക്ക് ഹിജ്റ പോയ വേളയിൽ നബി തിരുമേനി ആരുടെ വീട്ടിലാണ് തങ്ങിയത്?
ഉ: അബു അയ്യൂബ് അൻസാരി(റ)യുടെ വീട്ടിൽ

313. വിജയശ്രീലാളിതനായി മക്കയിൽ തിരിച്ചെത്തിയപ്പോൾ മക്കയിൽ തങ്ങുന്നതിന് നബി തിരുമേനി തിരഞ്ഞെടുത്ത സ്ഥലമേത്?
ഉ: ഖീഫ് ബനീകിനാന (ഇതൊരു തുറന്നസ്ഥലമായിരുന്നു)

314. ബദ്ർ യുദ്ധത്തിൽ മുസ്‌ലീംകളുടെ അംഗസംഖ്യ എത്ര?
ഉ: 313

315. ഹദ്റത്ത് ആയിശ(റ)യെക്കുറിച്ച് അപവാദം പ്രചരിപ്പിക്കുന്നതിൽ മുൻകൈ എടുത്ത കപടവിശ്വാസികളുടെ നേതാവ്?
ഉ: അബ്ദുല്ലാഹിബ്നു ഉബയ്യിബ്നു സുലൂൽ

316. വി.ഖുർആനിൽ 'ഹല്ലാഫിൻമ്മഹീൻ' എന്ന പരാമർശം ആരെക്കുറിച്ചാണ്?
ഉ: വലീദിബ്നു മുഗീറ

317. മദീനാ മുസ്‌ലീംകളുമായി സഖ്യത്തിലായിരുന്നിട്ട് കൂടി അറബ്

ഗോത്രങ്ങളോടൊപ്പം ചേർന്ന് മദീനയെ ആക്രമിക്കാൻ അവരെ സഹായിച്ച ജൂതഗോത്രമേത്?
ഉ: ബനൂ ഖുറൈസ

318. ഉസ്മാൻ(റ)ന്നെതിരിൽ കലാപം ഇളക്കിവിട്ട വ്യക്തിയാര്?
ഉ: ഈജിപ്തിൽനിന്ന് മദീനയിൽ വന്ന ജൂതപുരോഹിതനും കപടവിശ്വാസിയുമായിരുന്ന അബ്ദുല്ലാഹിബ്നു സബാ

319. അറേബിയൻ പ്രവാചകനെക്കുറിച്ച് ആരാഞ്ഞറിയാൻ കൈസർ ചക്രവർത്തിയുടെ ആവശ്യപ്രകാരം അദ്ദേഹത്തിന്റെ മുന്നിൽ ഹാജരാക്കപ്പെട്ട അറബിനേതാവാരായിരുന്നു?
ഉ: അബു സുഫിയാൻ

320. അബു സുഫിയാന്റെ മറ്റൊരു പേര്?
ഉ: അബൂ ഹൻസല

321. ഖൈബർ യുദ്ധത്തിൽ മുസ്ലിംസേനയെ നയിച്ചതാര്?
ഉ: ഹ. അലി(റ)

322. ഉമർ(റ) തന്റെ ശേഷമുള്ള ഖലീഫയെ തിരഞ്ഞടുക്കുന്നതിന വേണ്ടി 'ശൂറാ' എന്ന ഒരു ആറംഗ കൗൺസിൽ രൂപീകരിച്ചിരുന്നു. അതിലെ അംഗങ്ങൾ ആരെല്ലാം?
ഉ: അലിയ്യ് ബിൻ അബു ത്വാലിബ്, ത്വൽഹത്ത് ബിൻ ഉബയ്ദുല്ലാഹ്, അബ്ദുർറഹ്മാൻ ബിൻ ഔഫ്, സഅ്ദ്ബിൻ അബൂവഖാസ്, സുബൈർ ബിൻ അവാം, ഉസ്മാൻ ബിൻ അഫ്ഫാൻ(റ)

323. ചരിത്രപ്രസിദ്ധമായ ഈ മക്കാ സന്ദർശനവേളയിൽ നബി തിരുമേനി വിവാഹം കഴിച്ചത് ആരെയായിരുന്നു?
ഉ: ഹദ്റത്ത് മൈമുന(റ)യെ

324. മുഅ്ത യുദ്ധത്തിൽ മുസ്ലീം സൈന്യത്തെ നയിച്ചതാര്?
ഉ: ഹദ്റത്ത് ഖാലിദിബ്നു വലീദ്

325. ഹ. ഖാലിദ്ബ്നു വലീദിന്ന് നൽകപ്പെട്ട ഒരു വിശേഷണ നാമമെന്ത്?
ഉ: സൈഫുല്ലാഹ്

326. ഹ. സൈദ് ശഹീദായത് ഏത് യുദ്ധത്തിൽ?
ഉ: മുഅ്താ യുദ്ധത്തിൽ

327. ഹുദൈബിയാസന്ധി ഹിജ്റ എത്രാം വർഷം?
ഉ: 6-ാം വർഷം

328. ഹുനൈൻ യുദ്ധത്തിൽ നബി തിരുമേനിയുടെ അംഗരക്ഷകൻ ആരായിരുന്നു?
ഉ: അബൂസുഫിയാൻ

329. ഉഹ്ദ് യുദ്ധവേളയിൽ നബി തിരുമേനിയെ രക്ഷിക്കാനായി സ്വന്തം കൈപ്പത്തിയിലേക്ക് അമ്പുകൾ ഏറ്റുവാങ്ങിയതിന്റെ ഫലമായി ഒരു കൈ നഷ്ടപ്പെട്ട സഹാബിയാര്?
ഉ: ഹദ്റത്ത് ത്വൽഹ(റ)

330. മക്കാവിജയത്തിന് തൊട്ട് പിറകെ വന്ന യുദ്ധമേത്?
ഉ: ഹുനൈൻ യുദ്ധം

331. അബ്സീനിയയുടെ ഇപ്പോഴത്തെ പേര്?
ഉ: എത്യോപിയ

332. ശാം എന്ന പേരിലറിയപ്പെട്ടിരുന്ന നാട്?
ഉ: സിറിയ

333. മസ്ജിദുന്നബ്വിക്കടുത്തുള്ള സ്വർഗ്ഗീയശ്മശാനത്തിന്റെ പേര്?
ഉ: ജന്നത്തുൽ ബഖിയ്യ്

334. മസ്ജിദുന്നബ്വിയിൽ നബി തിരുമേനിക്കടുത്ത് ഖബറടക്കം ചെയ്യപ്പെട്ടതാരൊക്കെ?
ഉ: ഹ. അബൂബക്കർ(റ), ഹ.ഉമർ(റ)

335. 'അശ്റഫുൽ മഖ്ലൂഖാത്ത്' ആരാണ്?
ഉ: മനുഷ്യർ

336. അല്ലാഹുവിൽനിന്ന് ലഭിച്ച ദിവ്യവെളിപാടിന്റെ വെളിച്ചത്തിൽ നബി തിരുമേനി വിവാഹം ചെയ്തതാരെയാണ്?
ഉ: സൈനബ് ബിൻത് ജഹ്ശ്(റ)

337. ഉമ്മുൽ മസാകീൻ ആര്?
ഉ: പ്രവാചക പത്നി സൈനബ് ബിൻത് ഖുസൈമത്(റ)

338. സ്ത്രീകൾ പങ്കെടുത്ത പ്രഥമയുദ്ധമേത്?

ഉ: ഉഹ്ദ് യുദ്ധം

339. അറേബ്യയ്ക്ക് പുറമെ നടന്ന ഒന്നാമത്തെ യുദ്ധമേത്?
ഉ: മുഅ്തായുദ്ധം

340. മദീനക്കാർക്ക് ഇസ്ലാം പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ട പ്രഥമ സഹാബിയാര്?
ഉ: മിസ്അബ് ബിൻ ഉമൈർ(റ)

341. ഹിജ്റ പോയ പ്രഥമ ദമ്പതികൾ ആരൊക്കെ?
ഉ: ഉസ്മാൻ(റ)യും ഭാര്യ റുഖിയയും

342. ഗസ്വതുൽ ഉസ്റാ (പ്രയാസമേറിയ യുദ്ധം) എന്ന പേരിലറിയപ്പെടുന്ന യുദ്ധമേത്?
ഉ: തബൂക്ക് യുദ്ധം

343. അശ്റഫുൽ ഖൽഖ് ആരാണ്?
ഉ: നബിതിരുമേനി(സ)

344. ജാഹിലിയ്യാ കാലഘട്ടത്തിൽ ബക്കർ ഗോത്രവും ത്വഗ്‌ലബ് ഗോത്രവും തമ്മിൽ ഏകദേശം 40 കൊല്ലത്തോളം നീണ്ടുനിന്ന യുദ്ധം നടന്നു. ഈ യുദ്ധത്തിന്റെ പേരെന്ത്?
ഉ: ഹർബുൽ ബസൂസ്

345. സപ്ത കവികളിൽ ഇസ്ലാംമതം സ്വീകരിച്ച കവി ആരായിരുന്നു?
ഉ: ലബീദ്

346. അറബികൾ ഔദാര്യത്തിന്റെ പ്രതീകമായി കരുതിപ്പോന്നിരുന്ന വ്യക്തിയാര്?
ഉ: ഹാതിംതായി

347. മദീനയിലേക്കുള്ള ഹിജ്റത്ത് നുബുവ്വത്തിന്റെ എത്രാം വർഷം?
ഉ: 13-ാം വർഷം

348. മക്കാവിജയം ഹിജറ എത്രാം വർഷം?
ഉ: 8-ാം വർഷം

349. നബി തിരുമേനിയുടെ വിയോഗത്തിൽ വികാരാധീനനായി മനസ്സലിയുന്ന ഒരു വിലാപ കാവ്യമെഴുതിയ ആദ്യകാല മുസ്ലിംകളിൽ

പ്രസിദ്ധനായ കവിയാര്?
ഉ: ഹസ്സാനുബ്നുസാബിത്(റ)

350. ഹംസ(റ) ശഹീദായത് ഏത് യുദ്ധത്തിൽ?
ഉ: ഉഹ്ദ് യുദ്ധത്തിൽ

351. രണ്ടാം ഖലീഫ തിരഞ്ഞെടുക്കപ്പെട്ടതെങ്ങനെ?
ഉ: ഒന്നാംഖലീഫ ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് ഉമർ(റ)നെ രണ്ടാം ഖലീഫയായി നിയമിച്ചു.

352. നബി തിരുമേനിയുടെ ഭാര്യമാരിൽ ഏറ്റവും ഒടുവിൽ വഫാത്തായത്?
ഉ: ഉമ്മുസൽമ (റ)

353. ഹിബ്ബുൽ റസൂൽ എന്നറിയപ്പെടുന്നതാര്?
ഉ: തിരുമേനിയുടെ ദത്തുപുത്രൻ സൈദിബ്നു ഹാരിസ(റ)

354. തിരുമേനിയുടെ വഹ്യ് എഴുത്തുകാരൻ ആര്?
ഉ: ഹ. സൈദിബ്നു സാബിത്(റ). ഹ. അബൂബക്കർ(റ) വി.ഖുർആൻ ആദ്യന്തം ഒരു ഗ്രന്ഥമായി ക്രോഡീകരിക്കാൻ ഇദ്ദേഹത്തെയായിരുന്നു ചുമതലപ്പെടുത്തിയത്.

355. അബുൽമസാക്കീൻ ആരാണ്?
ഉ: ജഅ്ഫർ ബിൻ അബീ ത്വാലിബ്(റ) ഹ. അലി(റ)ന്റെ സഹോദരനായ ഇദ്ദേഹം ഏറെ ഉദാരമതിയായിരുന്നതിനാൽ 'പാവങ്ങളുടെ പിതാവ്' എന്ന പേർ ലഭിച്ചു.

356. ദാതുന്നിതാഖൈൻ(ഇരട്ടപട്ടയുള്ളവൾ)ആര്?
ഉ: അസ്മ ബിൻത് അബൂബക്കർ(റ)

357. ബദറിൽ കൊല്ലപ്പെട്ട ഖുറൈശികളെക്കുറിച്ച് കവിതയെഴുതി അവരുടെ പ്രതികാരാഗ്നി ആളിക്കത്തിച്ച കവിയാര്?
ഉ: കഅ്ബിബ്നു അശ്റഫ്

358. നബി തിരുമേനിയെ പ്രശംസിച്ച് കവിത ചൊല്ലിയതിന്റെ പേരിൽ സമ്മാനാർഹനായ കവിയാര്?
ഉ: കഅ്ബിബ്നുസുഹൈർ(റ)

359. 2-ാം അഖബ ഉടമ്പടിയിൽ പ്രധാന പങ്ക് വഹിച്ച സഹാബിയാര്?

ഉ: കഅ്ബിബ്നു മാലിക്(റ)

360. മക്കയിൽനിന്ന് മദീനയിലേക്ക് പോകുന്ന വഴിയിൽ നബി തിരുമേനിയെ താനാദ്യം കണ്ടുമുട്ടിയ തമ്പ് നിൽക്കുന്ന സ്ഥലത്ത് തന്നെ ഖബറടക്കണമെന്ന് അന്ത്യാഭിലാഷം പ്രകടിപ്പിച്ച പ്രവാചക പത്നി യാര്?

ഉ: ഹ.മൈമൂന(റ)

361. ഏത് യുദ്ധത്തിന് ശേഷമാണ് ഹ. ഖാലിദിബ്നു വലീദിന് 'ദൈവത്തിന്റെ വാൾ' എന്ന പേര് ലഭിച്ചത്?

ഉ: മുഅ്തയുദ്ധം

362. മക്കാവിജയവേളയിൽ കഅ്ബയിലെ വിഗ്രഹങ്ങളെ തച്ചുടക്കുമ്പോൾ നബിതിരുമേനി ഉരുവിട്ട ഖുർആൻ വചനം ഏത്? ഏത് സൂറത്തിൽ?

ഉ: സത്യം വന്നു, അസത്യം മറഞ്ഞുപോയി. തീർച്ചയായും അസത്യം മറഞ്ഞ് പോകുന്നത് തന്നെയാണ് എന്നർത്ഥം വരുന്ന ആയത്ത്. (17:82)

363. റോമിലെ ഭരണാധിപന്മാരെ എന്ത് പേരിലറിയപ്പെടുന്നു?

ഉ: കൈസർ

364. പേർഷ്യയിലെ ഭരണാധിപന്മാരുടെ സ്ഥാനപ്പേരെന്ത്?

ഉ: കിസ്റാ

365. ഏത് രാജ്യത്തെ രാജാക്കന്മാരാണ് 'തുബ്ബഅ്' എന്ന പേരിലറിയപ്പെടുന്നത്?

ഉ: യമൻ

366. ഈജിപ്തിലെ ഭരണാധികാരികളെ എന്ത് വിളിക്കുന്നു?

ഉ: ഫിർഔൻ

367. ആശൂറാഅ് ദിവസം ഏത്?

ഉ: മുഹർറം 10

368. ഇസ്‌ലാമിന് മുമ്പേ കഅബയിലുണ്ടായിരുന്ന പ്രധാന പ്രതിഷ്ഠ ഏതായിരുന്നു?

ഉ: ഹുബുൽ

369. ഉമ്മുൽ ഹക്കം എന്ന ഓമനപ്പേരുണ്ടായിരുന്ന പ്രവാചകപത്നി യാര്?

ഉ: സൈനബ് ബിൻത് ജഹ്ശ്

370. പാറാൻ എന്നാലെന്താണ്?

ഉ: ഹിജാസിന്റെ വടക്കു ഭാഗത്തുള്ള പർവ്വതനിരകൾ.

371. ഇഞ്ചീലിൽ വന്നിട്ടുള്ള 'പാറഖലീത്ത' എന്ന വാക്കിന്റെ അർത്ഥമെന്ത്? ഇത് ആരെക്കുറിച്ചുള്ള സൂചനയാണ് നൽകുന്നത്?

ഉ: ആശ്വാസം നൽകുന്നവൻ-ഭാവിയിൽ വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ച് അതായത് നബി തിരുമേനി(സ)നെക്കുറിച്ച്.

372. അഗ്നി ആരാധകരുടെ ഇടയിൽ ജനിച്ച്, ക്രിസ്തുമതത്തിലെത്തിച്ചേർന്ന്, സത്യാന്വേഷണം തുടർന്നതിന്റെ ഫലമായി ഇസ്‌ലാം മതമാശ്ലേഷിക്കുവാൻ ഭാഗ്യം സിദ്ധിച്ച സഹാബിയാര്?

ഉ: ഹ. സൽമാനുൽ ഫാരിസി(റ)

373. നബി തിരുമേനിയുടെ ജാമാതാക്കൾ ആരൊക്കെ?

ഉ: അബുൽ ആസ്(റ), ഉസ്മാൻ(റ), അലി(റ)

374. തന്റെ വീടിന്റെ മുകളിൽ കയറിനിന്ന് ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചപ്പോൾ നാനാഭാഗത്തുനിന്നുമുള്ള ശരവർഷമേറ്റ് ശഹീദായ സഖീഫ് ഗോത്രപ്രധാനി?

ഉ: ഉർവത്തിബ്നു മസ്ഊദ്(റ)

375. ഹിജാസ് പ്രദേശത്തെ 3 പ്രധാന നഗരങ്ങൾ ഏവ?

ഉ: മക്ക, മദീന, ത്വായിഫ്

376. മക്കയിലെ പ്രഭുക്കന്മാരുടെ വേനൽക്കാലത്തെ സുഖവാസകേന്ദ്രം ഏതായിരുന്നു?

ഉ: ത്വായിഫ്

377. ഖുറൈശി എന്ന വാക്കിന്റെ അർത്ഥമെന്ത്?

ഉ: കച്ചവടക്കാരൻ

378. അബ്ദുൽ മുത്വലിബിന്റെ പുത്രന്മാരിൽ ചരിത്രത്തിൽ പ്രസിദ്ധിയാർജ്ജിച്ചവർ ആരൊക്കെ?

ഉ: അബുത്വാലിബ്, അബ്ബാസ്, ഹംസ, അബ്ദുല്ല

379. അബ്ദുൽ മുത്വലിബിന്റെ ആദ്യത്തെ പേരെന്ത്?
ഉ: ശൈബ

380. "ഒട്ടകത്തിന്റെ ഉടമ ഞാനാണ്. അതെനിക്ക് വിട്ടുതരിക. ആ മന്ദിരത്തിന് ഒരു ഉടമയുണ്ട്. അവൻ അത് സംരക്ഷിച്ചുകൊള്ളും." ഇത് ആർ ആരോട് പറഞ്ഞ വാക്കുകളാണ്?
ഉ: കഅ്ബ പൊളിക്കാൻ വന്ന അബ്റഹത്തിനോട് അബ്ദുൽ മുത്വലിബ്.

381. നബി തിരുമേനിയുടെ ഒന്നാമത്തെ ജീവചരിത്രകാരൻ ആര്?
ഉ: ഇമാം സുഹ്രി(റ)

382. നബിതിരുമേനി(സ) ആദ്യമായി ചെയ്ത പ്രതിരോധയുദ്ധം?
ഉ: ബദ്ർ യുദ്ധം

383. സ്വർഗ്ഗത്തിൽ കവികളുടെ ധ്വജവാഹകനെന്ന് നബി(സ) വിശേഷിപ്പിച്ച വ്യക്തി?
ഉ: ഹസ്സാൻ ബിൻ സാബിത്(റ)

384. ഇസ്ലാമിലെ 4 പ്രധാന മദ്ഹബുകൾ ഏതെല്ലാം?
ഉ: ഹനഫി, ശാഫി, മാലികി, ഹമ്പലി

385. ഹനഫി മദ്ഹബിന്റെ ഇമാം ആര്? ഇദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ ഒരു പ്രധാന ഗ്രന്ഥം ഏത്?
ഉ: ഇമാം അബൂ ഹനീഫ-കിതാബുൽ ഖറാജ്

386. ഇമാം ശാഫിയുടെ മുഴുവൻ പേരെന്ത്?
ഉ: മുഹമ്മദ് ബിൻ ഇദ്രീസ് അൽ-ശാഫി

387. ഇറാഖിന്റെ പഴയ പേരെന്ത്?
ഉ: മെസൊപ്പൊട്ടേമിയ

388. മെസൊപ്പൊട്ടേമിയ എന്ന വാക്കിന്റെ അർത്ഥമെന്ത്?
ഉ: നദികൾക്കിടയിലുള്ള പ്രദേശം.

389. ഹിജ്റ കലണ്ടർ ആരംഭിക്കുന്നത് എ.ഡി എത്രാം വർഷം?
ഉ: 622 ൽ

390. 'ഹറമൈൻ'ഏതൊക്കെയാണ്?

ഉ: മക്കയും മദീനയും

391. ആദ്യത്തെ കർമ്മശാസ്ത്രഗ്രന്ഥം ഏത്?
ഉ: ഇമാം ശാഫിയുടെ 'അൽ ഉമ്മ'

392. അബൂ ഖുഹാഫയുടെ മകന് ഇസ്ലാമികചരിത്രത്തിലുള്ള സ്ഥാന മെന്ത്?
ഉ: ഇസ്ലാമിലെ ഒന്നാമത്തെ ഖലീഫ

393. അബൂബക്കർ സിദ്ദീഖ്(റ)ന്റെ ആദ്യത്തെ പേരെന്ത്?
ഉ: അബ്ദുൽ കഅ്ബ്

394. ഹദ്റത്ത് അബൂബക്കർ(റ) യുദ്ധം നടത്തിയത് ഏത് കുപ്രസിദ്ധ കള്ളപ്രവാചകനെതിരിലായിരുന്നു?
ഉ: മുസൈലിമ

395. ഹദ്റത്ത് അബൂബക്കർ(റ)ന്റെ കാലത്ത് പ്രവാചകത്വം സിദ്ധിച്ച തായി വാദിച്ച ക്രിസ്തീയ വനിത ആര്?
ഉ: സജ്ജാഹ്

396. ഖുലഫാഉർറാശിദീങ്ങളിൽ സ്വാഭാവിക മരണം വരിച്ച ഖലീഫ ആര്?
ഉ: ഹദ്റത്ത് അബൂബക്കർ

397. മൂസാനബിയുടെ ജനത അദ്ദേഹത്തെ വധിക്കാൻ ശ്രമിച്ചപ്പോൾ 'എന്റെ റബ്ബ് അല്ലാഹുവാണെന്ന് പറഞ്ഞ കാരണം കൊണ്ട് മാത്രം നിങ്ങൾ ഒരാളെ വധിക്കുകയാണോ' എന്ന് ചോദിച്ചുകൊണ്ട് ഒരു സത്യവിശ്വാസി അദ്ദേഹത്തെ സഹായിക്കുകയുണ്ടായി. നബി തിരു മേനിയെ ഖുറൈശികൾ ക്രൂരമായി മർദ്ദിച്ചപ്പോൾ ഇതേ വാക്കു കൾ ഉച്ചരിച്ച് കൊണ്ട് അദ്ദേഹത്തെ സഹായിച്ച സത്യവിശ്വാസി ആര്?
ഉ: ഹദ്റത്ത് അബുബക്കർ(റ)

398. ഖുലഫാഉർറാശിദീങ്ങളിൽ ഏറ്റവും അധികം കാലം ഖലീഫയായി ഭരണം നടത്തിയത് ആര്? എത്ര കൊല്ലം?
ഉ: ഹ. ഉസ്മാൻ(റ) 11 കൊല്ലം

399. അമീറുൽ മുഅ്മിനീൻ എന്ന പേരിലറിയപ്പെടുന്ന പ്രഥമ ഖലീഫ

ആര്?

ഉ: ഹദ്റത്ത് ഉമർ(റ)

400. ഹദ്റത്ത് ഉമർ(റ) ഇസ്‌ലാംമതം സ്വീകരിച്ചത് നുബൂവ്വത്തിന്റെ എത്രാംവർഷം?

ഉ: 5-ാം വർഷം

401. പേർഷ്യൻ സാമ്രാജ്യത്തിന്റെ പതനം പൂർത്തിയായത് ഏത് ഖലീഫയുടെ കാലത്തായിരുന്നു?

ഉ: ഹ. ഉമർ(റ)ന്റെ കാലത്ത്, എ.ഡി. 641 ൽ

402. ഖാദിസിയ്യായുദ്ധം ഏത് ഖലീഫയുടെ കാലത്ത്? ആർക്കെതിരിൽ?

ഉ: ഉമർ(റ)ന്റെ കാലത്ത്. പേർഷ്യൻ സാമ്രാജ്യത്തിന്നെതിരിൽ

403. ഹദ്റത്ത് ഉമർ(റ) വിനെ വധിച്ചതാര്?

ഉ: ഫൈറൂസ് അബുലുഅ്ലുഅ് എന്ന യഹൂദി

404. ഖാദിസിയ്യായുദ്ധത്തിൽ ഒരു കവയിത്രിയുടെ 4 പുത്രന്മാർ ശഹീദാക്കപ്പെട്ടു. അവരുടെ പേരെന്ത്?

ഉ: ഖൻസാഅ്(റ)

405. 'സ്വർഗ്ഗത്തിൽ എന്റെ കൂട്ടുകാരനാണ് ഇദ്ദേഹം.' നബിതിരുമേനി ആരെക്കുറിച്ചാണ് ഇപ്രകാരം പറഞ്ഞത്?

ഉ: ഹ. ഉസ്മാൻ (റ) നെക്കുറിച്ച്'

406. ഈജിപ്ത് ജയിച്ചടക്കിയ മുസ്‌ലിം ജേതാവാര്?

ഉ: അംറിബ്നുൽആസ്(റ)

407. ഉസ്മാൻ(റ)ന്റെ ഘാതകന്റെ പേരെന്ത്?

ഉ: കിനാനത്തിബ്നുബശ്ർ

408. കവിതയെപ്പറ്റി നബി(സ)യുടെ അഭിപ്രായമെന്താണ്?

ഉ: അശ്ശിഉ്റുകലാം. ഫ ഹസ്നുഹു ഹസൻ, വ ഖബീഹുഹു ഖബീഹ്. കവിത ഒരു ബോധനകലയാണ്. അവയിലെ നല്ലത് നല്ലതുതന്നെ. ചീത്തയായവ ചീത്തയും.

409. ഇസ്‌ലാമിക സ്റ്റേറ്റിന്റെ തലസ്ഥാനം മദീനയിൽനിന്ന് കൂഫയിലേക്ക് മാറ്റിയ ഖലീഫ ആര്?

ഉ: ഹ. അലി(റ)

410. ഹ. അലി(റ)ന്റെ ഘാതകനാര്?
ഉ: ഇബ്നുമുൽജിം

411. ഖാദിസിയാ യുദ്ധം നയിച്ച മുസ്ലിം പടനായകൻ ആര്?
ഉ: സഅ്ദിബ്നുഅബീവഖാസ്

412. ഹ. അബൂബക്കർ(റ)ന്റെ കാലത്ത് റോമാക്കാർക്കെതിരിൽ യുദ്ധം നയിച്ച പതിനെട്ട് വയസ്സുകാരനായ മുസ്ലിംസേനാനിയാര്?
ഉ: ഉസാമ(റ)

413. ആദ്യത്തെ പെരുന്നൾ നമസ്കാരം?
ഉ: ഹിജ്റ രണ്ടാംവർഷം

414. “ധൈര്യമായിരിക്കൂ! ഞാനൊരു രാജാവൊന്നുമല്ല. ഉണക്കമാംസം തിന്ന് ജീവിതം കഴിച്ച ഒരു ഖുറൈശി സ്ത്രീയുടെ മകനാണ് ഞാൻ.” ഇത് ആര് ഏത് സന്ദർഭത്തിൽ പറഞ്ഞതാണ്?
ഉ: നബിയേയും മുസ്ലിംകളേയും കഠിനമായി ദ്രോഹിച്ച പലരും മക്കാവിജയദിവസം നബിയുടെ സന്നിധിയിൽ മാപ്പപേക്ഷയുമായി വന്നു. നബി അവർക്കെല്ലാം മാപ്പു നൽകി. കൂട്ടത്തിൽ ഭയന്നുവിറച്ചുകൊണ്ട് നബിയുടെ മുന്നിൽ ഒരാൾ നില്ക്കുന്നുണ്ടായിരുന്നു. അയാളോടാണ് നബി(സ) ഇപ്രകാരം പറഞ്ഞത്.

415. ഇമാം ഹുസൈനെ ആർ എവിടെ വെച്ച് വധിച്ചു?
ഉ: യസീദിന്റെ പട്ടാളം കർബലയിൽ വെച്ച്

416. കർബലയുദ്ധത്തിൽ അവശേഷിച്ച നബിതിരുമേനിയുടെ കുടുംബത്തിൽ പെട്ട ഒരേ ഒരു ബാലൻ ആര്?
ഉ: സൈനുൽ ആബിദീൻ

417. ഹ.അലി(റ)ന്റെ മരണ ശേഷം ഇസ്ലാമിക പാരമ്പര്യമനുസരിച്ച് നിലവിൽ വന്ന ഭരണകൂടം?
ഉ: ഉമവിയ്യാ ഭരണകൂടം

418. ഉമവിയ്യാ ഭരണകൂടം ക്രിസ്ത്വബ്ദം എത്ര മുതൽ എത്ര വരെ നീണ്ടു നിന്നു?
ഉ: എ.ഡി. 661 മുതൽ 750 വരെ

419. മുആവിയ ഖലീഫയായി പ്രഖ്യാപിക്കപ്പെട്ടത് ഹിജ്റ എത്രാം

വർഷം?

ഉ: 40-ാം വർഷം

420. ഉമവിയ്യാ ഭരണകൂടത്തിനുശേഷം വന്ന 2 ഭരണകൂടങ്ങൾ ഏതെല്ലാം?

ഉ: അബ്ബാസിയ്യാ ഭരണകൂടം, ഫാതിമിയ്യാഭരണകൂടം

421. അബൂബക്കർ(റ)ന് നബി(സ) അസ്സിദ്ദീഖ് (സത്യസന്ധൻ) എന്ന് നാമകരണം ചെയ്തതെന്തുകൊണ്ട്?

ഉ: നബി(സ) പറഞ്ഞ കാര്യങ്ങൾ ഒരു പരിശോധനയും കൂടാതെ വിശ്വസിച്ചതുകൊണ്ട്.

422. ഉമവിയാ ഖിലാഫത്തിന്റെ ആസ്ഥാനം ഏത്?

ഉ: ഡമാസ്കസ്

423. ഉമർ രണ്ടാമൻ എന്നറിയപ്പെടുന്നതാര്?

ഉ: ഉമവിയ്യാ ഖലീഫയായിരുന്ന ഉമറിബ്നു അബ്ദുൽ അസീസ്

424. ഹ.അലി(റ)ന്റെ വംശപരമ്പരയിൽ പെട്ട രണ്ട് പ്രസിദ്ധ ഖുർആൻ പണ്ഡിതന്മാർ ആരൊക്കെ?

ഉ: ഇമാം ബാഖിർ(റ), സൈനുൽ ആബിദീൻ(റ)

425. ഇസ്ലാമിക സിംഹം എന്നറിയപ്പെടുന്നതാര്?

ഉ: ഹ. അലി(റ)

426. ജാഹിലിയ്യാ കാലഘട്ടത്തിലെ പ്രസിദ്ധ അറബി കവിതാസമാഹാരം എത്?

ഉ: സബ്ഉൽ മുഅല്ലഖാത് (സപ്തഗീതങ്ങൾ)

427. അബ്ബാസിയ്യാ ഭരണകൂടം ഏത് കൊല്ലം മുതൽ ഏത് കൊല്ലം വരെ ഭരണം നടത്തി?

ഉ: എ.ഡി 750 മുതൽ 1258 വരെ.

428. അബ്ബാസിയ്യാ രാജവംശത്തിലെ ഒന്നാമത്തെ ഖലീഫ ആര്?

ഉ: അബുൽ അബ്ബാസ് അബ്ദുല്ല

429. അബ്ബാസിയ്യാ ഭരണകൂടത്തിന്റെ പ്രധാന ശില്പി ആരായിരുന്നു?

ഉ: ഖലീഫ അൽ മൻസൂർ

429. അബ്ബാസിയ്യാ ഖിലാഫത്തിന്റെ ആസ്ഥാനം?
ഉ: ബാഗ്ദാദ്

430. ബാഗ്ദാദ് എന്ന വാക്കിന്റെ അർത്ഥമെന്ത്?
ഉ: ദൈവത്താൽ നൽകപ്പെട്ടത്?

431. ബാഗ്ദാദ് നഗരം സ്ഥാപിച്ചതാര്?
ഉ: ഖലീഫ അൽ മൻസൂർ

432. അബ്ബാസിയ്യാ രാജവംശത്തിലെ ഏറ്റവും ആദർശശാലിയായ ഭരണകർത്താവായി അറിയപ്പെടുന്ന ഖലീഫ ആര്?
ഉ: ഖലീഫ ഹാറൂൺ അൽ- റശീദ്

433. അറേബ്യയിലെ 'ജോൺ ഓഫ് ആർക്' എന്ന് ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത് ആരെയാണ്?
ഉ: ഖവാരിജ് വർഗ്ഗത്തിൽ പെട്ട ഒരു കവയിത്രിയും സേനാനിയുമായ ലൈല എന്ന സ്ത്രീ

434. മുസ്ലിം ഭരണത്തിൽ 'വസീർ' എന്ന തസ്തിക ആദ്യമായി സൃഷ്ടിച്ച മുസ്ലിം ഭരണാധികാരി ആര്?
ഉ: ഖലീഫ അൽ മൻസൂർ

435. ചരിത്രത്തിലെ പ്രഥമ ശിയാ രാജവംശം ഏത്?
ഉ: ഈജിപ്തിലെ ഫാതിമിയാ രാജവംശം

436. അറബികളുടെ തത്ത്വജ്ഞാനി എന്ന് വിളിക്കപ്പെടുന്നതാര്?
ഉ: അൽകിന്ദി

437. ഇന്ത്യ സന്ദർശിക്കുകയും പ്രശസ്തമായ ഒരു യാത്രാവിവരണ ഗ്രന്ഥം രചിക്കുകയും ചെയ്ത അബ്ബാസിയാ കാലത്തെ പ്രകൃതി ശാസ്ത്രപണ്ഡിതൻ ആര്?
ഉ: അൽബറൂനി

438. അൽ അസ്ഹർ യൂനിവേർസിറ്റി എവിടെ?
ഉ: ഈജിപ്തിൽ

439. ബാഗ്ദാദിന് മുസ്ലിംരാജ്യങ്ങളുടെ കേന്ദ്രമെന്ന പദവി നഷ്ടപ്പെട്ടത് ഏത് രാജവംശത്തിന്റെ കാലത്തായിരുന്നു?
ഉ: ബുവഹിദ് രാജവംശം

440. യൂറോപ്പിൽ 'അവിസിന്ന' എന്ന പേരിലറിയപ്പെടുന്ന പുരാതന ഇസ്ലാമിക വൈദ്യശാസ്ത്രപണ്ഡിതന്റെ പേര്?
ഉ: ഇബ്നു സീന

441. 'യൂറോപ്പിലെ രോഗി' എന്നറിയപ്പെടുന്ന രാജ്യമേത്?
ഉ: തുർക്കി

442. ഇസ്ലാമിക ലോകത്തിൽ ആദ്യമായി അധികാരത്തിൽ വന്ന തുർക്കി വംശമേത്?
ഉ: ഗസ്നവിയാ വംശം

443. സ്പെയിൻ മുസ്ലിം അധീനത്തിൽ വന്നത് ഏത് കൊല്ലം? ആര് മുഖാന്തിരം?
ഉ: എ.ഡി 711 ൽ. അക്കാലത്തെ ഉമവിയാ ഗവർണ്ണറുടെ സുഹൃത്തായിരുന്ന ത്വാരീഖ് ബിൻ സിയാദ്

444. മുസ്ലിം സ്പെയിനിന്റെ തലസ്ഥാനം ഏതായിരുന്നു?
ഉ: കൊർദോവ

445. സ്പെയിനിലെ ജിബ്രാൾട്ടറിന്ന് ആ പേര് വന്നതെങ്ങനെ?
ഉ: സ്പെയിനിൽ താരിഖ് കപ്പലിറങ്ങിയ സ്ഥലത്തിന് ജബൽ താരീഖ് എന്ന് പേരിട്ടു. ഇതിന്റെ ഭാഷാന്തരമാണ് ജിബ്രാൾട്ടർ.

446. ആധുനിക തുർക്കിയുടെ പിതാവ് എന്നറിയപ്പെടുന്നതാര്?
ഉ: മുസ്തഫാ കമാൽപാഷ

447. ഓട്ടോമൻ തുർക്കി സാമ്രാജ്യം എത്ര കാലം നീണ്ടു നിന്നു?
ഉ: 600 വർഷത്തോളം

448. ഓട്ടോമൻ തുർക്കി സാമ്രാജ്യം സ്ഥാപിച്ചതാര്?
ഉ: ഉസ്മാൻ ഒന്നാമൻ

449. 8-ാം നൂറ്റാണ്ടിൽ ജീവിച്ച ഇസ്ലാമിക ചരിത്രത്തിലെ പ്രസിദ്ധ രസതന്ത്ര ശാസ്ത്രജ്ഞൻ ആര്?
ഉ: ജാബിർ ബിൻ ഹയ്യാർ(റ)

450. അബ്ബാസിയാ കാലത്തെ ഒരു പ്രസിദ്ധ ഗോളഗണിതശാസ്ത്രജ്ഞൻ?
ഉ: അൽ ഖവാരിസ്മി

451. ത്വാഹിരിയാവംശത്തിന്റെ സ്ഥാപകനാര്?
ഉ: ത്വാഹിറിബ്നു അൽഹുസൈൻ

452. ഗസ്നവിയാ വംശത്തിന്റെ സ്ഥാപകനാര്?
ഉ: സബക് തജീൻ

453. ആയിരം ബയ്ത്ത് ഉള്ള അറബി വ്യാകരണത്തിന്റെ പദ്യാവിഷ്കരണം ഏത്?
ഉ: അൽഫിയ

454. സമറ പട്ടണം നിർമ്മിച്ചതാര്?
ഉ: അബ്ബാസിയാ ഖലീഫ അൽ മുഅ്തസം

455. ബാഗ്ദാദിൽ ഇസ്ലാമിക ഖിലാഫത്തിന്റെ അന്ത്യം വരുത്തിയ താർത്താരി നേതാവ്?
ഉ: ഹലാക്കുഖാൻ

456. 13-ാം നൂറ്റാണ്ടിൽ ഇസ്ലാമികലോകത്തിന് കനത്ത നാശനഷ്ടങ്ങൾ വരുത്തുകയും അവസാനം മുസ്ലിമാവുകയും ചെയ്ത ജനവിഭാഗം ഏത്?
ഉ: താർത്താരികൾ

457. ലോകസഞ്ചാരിയായ ഇബ്നു ബത്തൂത ജനിച്ചതെവിടെ?
ഉ: മൊറോക്കൊ

458. 10-ാം നൂറ്റാണ്ടിലെ ബിസ്മാർക്ക് എന്നറിയപ്പെടുന്ന മുസ്ലിം സ്പെയിനിലെ ഏറ്റവും വലിയ പടനായകനാര്?
ഉ: അൽഹാജിബ് അൽമൻസൂർ

459. ഗസ്നവി വംശത്തെ അധികാരഭ്രഷ്ടരാക്കിയ ശേഷം ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ച വംശമേത്?
ഉ: ഗോരിവംശം

460. കുതബ് മിനാറിന്റെ സ്ഥാപകനാര്?
ഉ: അൽ തമിശ്

461. അൽ തമിശ് ഏത് വംശത്തിലെ സുൽത്താനായിരുന്നു?
ഉ: അടിമവംശം

462. കുരിശുയുദ്ധങ്ങൾ ആരംഭിച്ചത് ഏത് കൊല്ലത്തിൽ? എത്ര വർഷങ്ങൾ നീണ്ടു നിന്നു?
ഉ: 1097 ൽ ഏകദേശം 200 വർഷം

463. മുഹമ്മദ് തുഗ്ലക്കിന്റെ കാലത്ത് ഇന്ത്യ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ താമസിക്കുകയും ചെയ്ത വിദേശ സഞ്ചാരി ആര്?
ഉ: ഇബ്നു ബത്തൂത

464. ഖാജാ മുഈനുദ്ദീൻ ചിശ്തിയുടെ ആസ്ഥാനം ഏത്? അദ്ദേഹത്തിന്റെ ഖബർ എവിടെ?
ഉ: ഡൽഹി, ഖബ്ർ അജ്മീറിൽ

465. ആലംഗീർ എന്ന പേരിലറിയപ്പെടുന്ന മുഗൾ ചക്രവർത്തിയാര്?
ഉ: ഔറംഗസീബ്

466. ഡൽഹിയിലെ ജുമാമസ്ജിദ് നിർമ്മിച്ച ചക്രവർത്തിയാര്?
ഉ: ശാജഹാൻ

467. അലിഗർ മുസ്ലിം സർവ്വകലാശാലയുടെ സ്ഥാപകൻ ആര്?
ഉ: സർ സയ്യിദ് അഹ്മദ് ഖാൻ

468 ഇസ്ലാംമതപ്രചാരണാർത്ഥം അറേബ്യയയിൽ നിന്ന് കേരളത്തിലെത്തിയ ഒന്നാമത്തെ മിഷണറി ആര്?
ഉ: ഹ. മാലിക്കിബ്നുദീനാർ(റ)

469. ഇന്ത്യയിലെ ഒന്നാമത്തെ മുസ്ലിം പള്ളി ഏത്?
ഉ: കൊടുങ്ങല്ലൂരിലെ മാലിക് ദീനാർപള്ളി

470. തൈമൂർ ചക്രവർത്തിയുടെ സുപ്രസിദ്ധ മൃതകുടീരം സ്ഥിതിചെയ്യുന്നതെവിടെ?
ഉ: സമർഖന്ദ്

471. ബർലാസ് വംശത്തിൽനിന്ന് ആദ്യമായി ഇസ്ലാംമതമാശ്ലേഷിച്ചതാര്?
ഉ: ബർലാസ് വംശത്തിന്റെ ആദി പിതാവായ ഏറോം ജി ബർലാസിന്റെ പൗത്രനായ ഖാറാച്ചാർ.

472. യുറോപ്യൻ ഭാഷകളിൽവെച്ച് ഏത് ഭാഷയിലാണ് ആദ്യമായി വി.

ഖുർആൻ തർജ്ജമ പ്രസിദ്ധീകരിച്ചത്?
ഉ: ലാറ്റിൻഭാഷയിൽ

473. അറേബ്യയുടെ നാല് അതിരുകൾ ഏവ?
ഉ: വടക്ക് ഇറാഖ്, സിറയ, ഇസ്‌റായീൽ. തെക്ക് അറബിക്കടൽ, കിഴക്ക് പേർഷ്യൻ ഗൾഫ്, പടിഞ്ഞാറ് ചെങ്കടൽ.

474. ഏറ്റവും ഉത്തമമായ ദിക്ർ എന്ന് നബി തിരുമേനി വിശേഷിപ്പിച്ചത് ഏതാണ്?
ഉ: ലാ ഇലാഹ ഇല്ലല്ലാഹ്

475. ഉച്ചരിക്കാൻ എളുപ്പമുള്ളതും പരലോകത്ത് തുലാസ്സിൽ ഭാരമേറിയതും അല്ലാഹുവിന്ന് ഏറെ പ്രിയങ്കരമായതുമായ 2 വചനങ്ങൾ എന്ന് നബി തിരുമേനി പറഞ്ഞത് ഏതിനെക്കുറിച്ചാണ്?
ഉ: സുബ്ഹാനല്ലാഹി വ ബിഹംദിഹി സുബ്ഹാനല്ലാഹിൽ അളീം.

476. ബുക്റ, അസീല എന്നീ രണ്ട് പദങ്ങൾ ഏതിനെ കുറിക്കുന്നു?
ഉ: യഥാക്രമം പ്രഭാതം മുതൽ സൂര്യോദയം വരെയും സായാഹ്നം മുതൽ സൂര്യാസ്തമയം വരെയും ഉള്ള സമയങ്ങൾ.

477. ഏത് രണ്ട് വ്യക്തികൾക്കാണ് നബി തിരുമേനി തന്റെ സലാം എത്തിക്കണമെന്ന് പറഞ്ഞത്?
ഉ: ഇമാം മഹ്ദിക്കും ഉവൈസുൽ ഖർനിക്കും

478. ഹിജ്റാ കലണ്ടറിന്റെ ഉപജ്ഞാതാവാര്?
ഉ: ഹ. ഉമർ(റ)

479. മൂസാനബിയുടെ ജനനകാലത്ത് ഈജിപ്ത് ഭരിച്ചിരുന്ന ഫറോവോ ചക്രവർത്തിയാര്?
ഉ: റമീസസ് രണ്ടാമൻ

480. ഏത് സല്ക്കാരത്തെക്കുറിച്ചാണ് നബി തിരുമേനി ഹീനമായ സല്ക്കാരമെന്ന് പറഞ്ഞത്?
ഉ: സമ്പന്നർ മാത്രം ക്ഷണിക്കപ്പെട്ട സൽക്കാരം

481. 3 വൻ പാപങ്ങളെന്ന് നബി തിരുമേനി വിശേഷിപ്പിച്ചത് ഏതൊക്കെ?
ഉ: ശിർക്ക്, മാതാപിതാക്കളോടുള്ള അനുസരണക്കേട്, കളവ് പറയൽ

482. ഖാദിരിയ്യാ ത്വരീഖത്ത് ആരുമായി ബന്ധപ്പെട്ടതാണ്?
ഉ: ശേഖ് അബ്ദുൽഖാദിർ ജീലാനി (മുഹ്‌യിദ്ദീൻ ശേയ്ഖ്)

483. അവസാനത്തെ മുഗൾ ചക്രവർത്തിയാര്?
ഉ: ബഹദൂർശാ സഫർ

484. "എല്ലാ മതഗുരുക്കന്മാരിലുംവെച്ച് ഏറ്റവും വിജയശ്രീലാളിതൻ." ഇത് ആർ ആർക്ക് നൽകിയ ബഹുമതിയാണ്?
ഉ: എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക, നബി തിരുമേനിക്ക്

485. വി.ഖുർആന്റെ അർത്ഥസംരക്ഷണത്തിന് വേണ്ടി അല്ലാഹു ഏർപ്പെടുത്തിയ ഒരു പ്രധാന സംവിധാനമെന്ത്?
ഉ: എല്ലാ നൂറ്റാണ്ടിന്റെ തലക്കലും മുജദ്ദിദുമാരെ (പരിഷ്കർത്താക്കളെ) എഴുന്നേല്പിക്കുകയെന്നത്.

486. ശിർക്കിനെ അങ്ങേയറ്റം അപലപിക്കുന്ന വി.ഖുർആൻ മറ്റുള്ളവർ വിളിച്ചു പ്രാർത്ഥിക്കുന്ന 'ദൈവങ്ങളെ' അധിക്ഷേപിക്കരുതെന്ന് സത്യവിശ്വാസികളോട് കല്പിക്കുന്നു. ഇത് ഏത് സൂറത്തിൽ?
ഉ: സൂറ. അൻആം(6:109)

487. നമസ്കാരത്തിനുള്ള ബാങ്കിന്റെ വചനങ്ങൾ താൻ സ്വപ്നം കണ്ടിരുന്നുവെന്ന് നബിയോട് ആദ്യം പറഞ്ഞ വ്യക്തി?
ഉ: അബ്ദുല്ലാഹിബ്നു സയ്ദ് അൽഅൻസാരി(റ)

488. ഭൂമുഖത്ത് ജനവാസമുണ്ടായിരുന്ന നാടുകളിൽവെച്ച് ഏറ്റവും അധികം പ്രവാചകന്മാർ ജീവിച്ചിരുന്ന രാജ്യമേത്?
ഉ: ശാം

489. തന്റെ രണ്ട് കൈവിരലുകൾ ചേർത്തു പിടിച്ചുകൊണ്ട് "ഇവർ ഈ രണ്ട് വിരലുകൾപോലെ സ്വർഗ്ഗത്തിൽ എന്നോടൊപ്പമായിരിക്കും." എന്ന് നബി തിരുമേനി അരുളുകയുണ്ടായി. ആരെക്കുറിച്ചാണ് അത്?
ഉ: അനാഥക്കുട്ടിയെ സംരക്ഷിക്കുന്നയാൾ

490. 'ഒരു സത്യവിശ്വാസിയുടെ നഷ്ടപ്പെട്ട മുതൽ' എന്ന് നബി തിരുമേനി ഏതിനെയാണ് വിശേഷിപ്പിച്ചത്?
ഉ: വിജ്ഞാനം

491. തന്റെ കഴിവിന്നതീതമായ വല്ല കാര്യങ്ങളും നേരിടുമ്പോൾ ഒരു സത്യവിശ്വാസിയുടെ പ്രതികരണമെന്തായിരിക്കണം?
ഉ: ലാഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാഹ് എന്നു ചൊല്ലുക

492. അവസാന കാലത്ത് ഇസ്ലാമിന്റെ പുനരുത്ഥാനകാല സൂചകമായി സവിശേഷമായ സൂര്യചന്ദ്രഗ്രഹണങ്ങൾ സംഭവിക്കുമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. ഇത് ഏത് സൂറത്തിൽ?
ഉ: സൂറ അൽഖിയാമ

493. ഇന്റർനാഷനൽ സെന്റർ ഫോർ തിയറിറ്റിക്കൽ ഫിസിക്സ് (ICTP) എന്ന സ്ഥാപനം എവിടെ? സ്ഥാപിച്ചതാര്?
ഉ: ഇറ്റലിയിലെ ട്രീസ്റ്റിൽ. നോബൽ സമ്മാനജേതാവായ ഡോ. അബ്ദുസ്സലാം

494. സഹീഹുൽ ബുഖാരിയിലെ ഒന്നാമത്തെ ഹദീസേത്?
ഉ: ഇന്നമൽ അഅ്മാലുബിന്നിയ്യാത്

494. അറിവ് വർദ്ധിപ്പിച്ച് കിട്ടുവാൻ വിശുദ്ധഖുർആൻ പഠിപ്പിക്കുന്ന ദുആ ഏത്? ഏത് സൂറത്തിൽ?
ഉ: റബ്ബിസിദ്നീ ഇൽമാ. സൂറ ത്വാഹാ(20:115)
(വ ആഖിറു ദഅ്വാനാ അനിൽ ഹംദുലില്ലാഹി റബ്ബിൽ ആലമീൻ)

495. ഒരു മുസ്ലിം രാജ്യത്ത് ആദ്യമായി അധികാരത്തിൽവന്ന വനിതാ പ്രധാനമന്ത്രി?
ബേനസീർ ഭൂട്ടോ (1988 ഡിസംബർ 2-ന്)

496. ഏറ്റവും ചെറിയ അറബ് രാഷ്ട്രം ഏത്?
ബഹറൈൻ (600 ച.കി.മീ.)

497. തെക്കേ ഇറാനിൽ ജനിക്കുകയും ഇന്ത്യയിലെ അജ്മീരിൽ മറയടക്കപ്പെടുകയും ചെയ്ത മഹാൻ?
ഖാജാ മുഈനുദ്ദീൻ ചിശ്തി(റഹ്) 1142-1236

498. ഏറ്റവും എളുപ്പത്തിൽ എഴുതാൻ കഴിയുന്ന അറബി അക്ഷരം?
അലിഫ്

499. പ്രഥമ അറബി നിഘണ്ടു? അതിന്റെ രചയിതാവ്?
ഖിതാബുൽ അയ്ൻ. ഖലീൽ ബിൻ അഹ്മദ്.

500. നബി(സ) മദീനയിൽ വന്നപ്പോൾ പെൺകുട്ടികൾ നബിയെ സ്വാഗതം ചെയ്തത് ഏത് പദ്യമാലപിച്ചുകൊണ്ടാണ്?

طَلَعَ الْبَدْرُ عَلَيْنَا
مِنْ ثَنِيَّاتِ الْوَدَاع
وَجَبَ الشُّكْرُ عَلَيْنَا
مَا دَعَا لِلّٰهِ دَاع

പതിനാലാം രാവിലെ ചന്ദ്രൻ നമ്മുടെ മേലെ അൽവിദായ്ക്ക് പിന്നിലൂടെ പൊങ്ങി പ്രകാശിക്കുകയാണ്. ദൈവത്തിലേക്ക് നമ്മെ വിളിക്കുന്ന ആൾ നമുക്കിടയിലുള്ളേടത്തോളം ദൈവത്തിന് നന്ദി പറയാൻ നാം ബാദ്ധ്യസ്ഥരാകുന്നു. ദൈവം നമ്മുടെ ഇടയിലേക്ക് നിയോഗിച്ചയച്ച അങ്ങയോടു ഞങ്ങളുടെ പരിപൂർണ്ണമായ കീഴ്‌വണക്കം ഇതാ സമർപ്പിക്കുന്നു (ഹൽബിയ്യ)

✣ ✣ ✣

# ഇസ്ലാമിക് ക്വിസ്

ഡോ. മുബാറക്ക മുഹമ്മദ്

*Here is an attempt made on a small scale to frame a questionaire on Islamic history and the teachings of the Holy Quran. Certain aspects of the life of the Holy Prophet(S.A) also find a place.*
*The booklet is intended as a study aid to the students by the author, who requests for their prayers.*

സമയം പബ്ലിക്കേഷൻസ് കണ്ണൂർ